
# മലങ്കരസഭ

ജൂൺ 2000



✱

**ഉന്നതവിദ്യാഭ്യാസമേഖല - ശുഭാപ്തി പകരുന്ന മാറ്റങ്ങൾ**

**സഭാചരിത്ര യാഥാർത്ഥ്യങ്ങളിലേക്ക്**

**ഉത്തരാധുനികനായ ധൂർത്തപുത്രൻ**

**ജീസസ് സ്റ്റാൻഡ് വിടണം**

**ന്യൂനപക്ഷ കമ്മീഷൻ ഭരണകക്ഷിയുടെ സ്തുതിപാഠകർ?**

✱

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രിഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ, പിൻ 689 626 ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സാ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് "Give Sight Project.'

സന്മനസ്സുള്ള ആർക്കും "Give Sight Project.' – ൽ 1000/– (ആയിരം രൂപ) നൽകി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള ന്യൂനത ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്ര ചികിത്സാക്യാമ്പ് :** ക്രിസ്റ്റഫൽ ബൈൻഡർ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്ര ചികത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്ര ചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നുന്നതാണ്.


**ഗിവ് ലൈഫ് പ്രോജക്ട് :**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധ ചികിത്സയും കൗൺസിലിംഗും കൊണ്ട് ഈ രോഗത്തെ നിയന്ത്രിണ വിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക് രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കും കൂടി ഏകദേശം 2500/– രൂപ ചിലവുവരും. 2500/– രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസിലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

**M. O / D. D./ Cheque to Give Sight/ Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626**





**T. G. VARGHESE & FAMILY, KUWAIT**

# മലങ്കരസഭ

**ദേവലോകം, കോട്ടയം–686001**

**ലക്കം 6 പുസ്തകം 56**



**PATRON SAINT**

## പത്രാധിപസമിതി

*പ്രസിഡണ്ട്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473–322443 (Off) 325942 (Res.)

വൈസ്പ്രസിഡന്റ്
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488–523001

ചീഫ് എഡിറ്റർ
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481–568046

അംഗങ്ങൾ
**ഫാ. റ്റി. ജെ. ജോഷ്വ**
**ഫാ. കെ. എം. ജോർജ്ജ്**
**ഫാ ജോസഫ് സാമുവേൽ കുറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാസെക്രട്ടറി)**
**ഡോ. സാമുവൽ ചന്ദനപ്പള്ളി**
**അഡ്വ. പി. സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ. വി. മാമ്മൻ**

മാനേജർ
**ഫാ. റ്റി. ജി. സഖറിയ**
ഫോൺ: 0481–578234

മാനേജിംഗ് എഡിറ്റർ
**ഫാ. റ്റി. എ. ഇടയാടി**
ഫോൺ: 0473–360421(Res.)

സർക്കുലേഷൻ കൺസൾട്ടന്റ്
**ഒ. ജി. തരകൻ**

ബിസിനസ്സ് മാനേജർ
**ഡീക്കൻ. ഷൈജു കുര്യൻ**




## ഉൾത്തുടിപ്പുകൾ

**എഡിറ്റോറിയൽ**
3 ഉന്നതവിദ്യാഭ്യാസ മേഖലയിൽ ശുഭാപ്തി പകരുന്ന മാറ്റങ്ങൾ

**മഹാപുരോഹിത സന്ദേശം**
4 ചില സഭാചരിത്ര യാഥാർത്ഥ്യങ്ങളിലേക്ക് ഒരു വിരൽചൂണ്ടൽ

7 **ധ്യാനപംക്തി**

**സുവിശേഷ സന്ദേശം**
ഫാ. കുര്യൻ ദാനിയേൽ

12 **ബൈബിൾ പഠനം**
ഫാ. ഒ. പി. വർഗീസ്

17 **ജീസസ് സ്റ്റേഷൻ വിട്ടുപോകണം**
ഫാ. വർഗീസ് കളീയ്ക്കൽ

18 **ഉത്തരാധുനികനായ ധൂർത്തപുത്രൻ**
തിരുമംഗലം ഷാലു ലൂക്കോസ്

21 **THE TORTURED Manappuram**

23 **നോമ്പും ഉപവാസവും: തിരുവചനാടിസ്ഥാനത്തിൽ ഒരു പഠനം**
കെ. എം. ആൻഡ്രൂസ്, വാകത്താനം

27 **സമാധാന കനാനോ കലഹത്തിന്റെ മിസ്രേയിമോ ? ഒരു ലുത്തിനിയ**
ഫാ. ബിജേഷ് ഫിലിപ്പ്

രൂപകല്പന: ഐക്കൺസ്, കോട്ടയം

എഡിറ്റോറിയൽ

# ഉന്നതവിദ്യാഭ്യാസ മേഖലയിൽ ശുഭാപ്തി പകരുന്ന മാറ്റങ്ങൾ

ഫാ. ഡോ. ജേക്കബ് കുര്യൻ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല ഉറക്കത്തിൽ നിന്നുണർന്നതു പോലെ തോന്നുന്നു. പ്രീ-ഡിഗ്രി വേർപെടുത്തലും, നാക് ടീം സന്ദർശനവും, യു.ജി.സി.യുടെ കാര്യക്ഷമമായ പങ്കാളിത്വവും ഒക്കെ ഈ ഉണർവിന്റെ സൂചനയാണ്. പരമ്പരാഗത ഡിഗ്രി പി.ജി കോഴ്സുകളുടെ പാതയിൽ നിന്ന് മാറി, തദ്ദേശീയ വികസനത്തിലൂന്നിയ പഠനത്തെയും ഗവേഷണത്തെയും പരിപോഷിപ്പിക്കുന്ന വിദ്യാഭ്യാസ നയം ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് ഒരു ദിശാബോധം നൽകിയിട്ടുണ്ട് എന്ന് വ്യക്തം. എന്നാൽ ഈ മാറ്റത്തെ വേണ്ടപോലെ ഉൾക്കൊള്ളുവാൻ കേരളത്തിലെ പല സ്വകാര്യ മാനേജ്മെന്റുകൾക്കും ഇതുവരെ സാധിച്ചിട്ടില്ല എന്നത് ഒരു പരമാർത്ഥമാണ്. അതുകൊണ്ടുതന്നെ നേരത്തേതുപോലെ, അഡ്മിഷൻ തിരക്കോ അതോടനുബന്ധിച്ചുള്ള വരുമാന സാധ്യതകളോ ഇല്ലാതെ, കെട്ടിടങ്ങൾ പലതും ഒഴിഞ്ഞു കിടക്കുന്ന ഗതികേടിലേക്ക് വന്നുകൊണ്ടിരിക്കുന്നു. മറുവശത്ത്, മാറ്റങ്ങളെ ഉൾക്കൊണ്ട് വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ കോമ്പിനേഷനുകൾ ഡിഗ്രി, പി. ജി. തലങ്ങളിൽ അവതരിപ്പിച്ച് മുന്നേറുന്ന മാനേജ്മെന്റുകളും ഉണ്ട് എന്നതും സത്യമാണ്.

ഈ സന്ദർഭത്തിലാണ്, മലങ്കര ഓർത്തഡോക്സ് സഭയുടേതടക്കം പല മാനേജ്മെന്റുകളും ഉണർന്നു ചിന്തിച്ച്, വേഗത്തിൽ നടപടികൾ എടുക്കേണ്ട മൂന്നു മുൻഗണനകളെ പരാമർശിക്കുവാൻ നിർബന്ധിതമാകുന്നത്.

1) കോളജുകളിൽ പുതിയ കോമ്പിനേഷൻസ് (കോഴ്സുകൾക്ക്) നിർദ്ദേശിക്കുവാൻ; വിദഗ്ധസമിതികളെ ചുമതലപ്പെടുത്തി വേഗം നടപടികൾ എടുക്കുക. ഇക്കാര്യത്തിൽ ഓരോ കോളേജിലും അധ്യാപകരെ മാത്രം ചുമതലയേൽപിച്ചാൽ, അധ്യാപകരുടെ പ്രയോജനത്തിനും ജോലിസ്ഥിരതയ്ക്കും ഊന്നൽ നൽകുവാൻ അവർ പ്രേരിപ്പിക്കപ്പെടുന്നത് സ്വാഭാവികമാണ്. അധ്യാപകരുടെ പ്രമോഷനും ജോലിസ്ഥിരതയും പ്രധാനമാണെങ്കിലും, കുട്ടികൾക്ക് പ്രയോജനകരമായ വിദ്യാഭ്യാസമായിരിക്കണം ലക്ഷ്യം. ഇതു രണ്ടും തമ്മിലുള്ള സംഘർഷവും, അകലവും കുറയ്ക്കാൻ ആത്മാർത്ഥമായി മാനേജ്മെന്റുകൾ ശ്രമിച്ചാൽ നടക്കും.

2) പ്രീ-ഡിഗ്രി വേർപെടുത്തുമ്പോൾ സ്ഥലസൗകര്യങ്ങൾ മിച്ചമാകുന്ന സ്ഥിതി വിശേഷം പല കോളേജുകളിലും ഉണ്ട്. ഈ സ്ഥലസൗകര്യങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കപ്പെടാവുന്ന പ്രായോഗിക പരിശീലന സംരംഭങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ്, ഫാഷൻമേക്കിംഗ്, ഗാർഡനിങ്ങ്, കേറ്ററിംഗ്, വിദേശ ഭാഷാപഠനം, ഫ്രീ-ലാൻസ് ജേർണലിസം, ഫോട്ടോഗ്രാഫി, മുതലായവ പല മേഖലയിലും ഹ്രസ്വകാല പരിശീലനപരിപാടികൾ വിജയകരമായി നടത്തുവാൻ കഴിയും.

3) യൂണിവേഴ്സിറ്റി ലേബലിൽ വിദ്യാഭ്യാസം നടന്നാലേ സ്വീകാര്യതയുള്ളൂവെന്ന ധാരണ പുനർവിചിന്തനം ചെയ്യണം. ഓട്ടോണമസ് കോളജുകൾ എന്ന സങ്കല്പം ഇന്ന് യു. ജി. സി. തന്നെ യാഥാർത്ഥ്യമാക്കി കൊണ്ടിരിക്കുകയാണ്. ഗുണനിലവാരമുള്ള പഠനപദ്ധതികൾ, യൂണിവേഴ്സിറ്റി ലേബലില്ലാതെ തന്നെ അംഗീകരിക്കപ്പെടും. ഈ മേഖലയിൽ ധൈര്യമായി മുന്നോട്ടുപോകുവാൻ ദർശനവും കർമ്മസാധ്യതകളുമുള്ള പല വ്യക്തികളും കോളജുകളിലെ ഡിപ്പാർട്ടുമെന്റൽ സംവിധാനത്തിൽ തളച്ചിടപ്പെടുന്നുണ്ട്. അവർക്ക് പലർക്കും ഇന്ന് ആഗ്രഹിക്കാവുന്നത്, പ്രിൻസിപ്പൽ സ്ഥാനം മാത്രമാണ്. വല്ലപ്പോഴും ഒരാൾക്കുമാത്രം ലഭിക്കുന്ന ഈ അവസരം കിട്ടാതെപോകുമ്പോൾ അവരിൽ പലരും നിരാശരോ നിഷ്ക്രിയരോ ആയി മാറുന്നു. ഡപ്യൂട്ടേഷൻ/ ലീവ് വ്യവസ്ഥയിൽ അവർക്ക് വേതന-സേവന നഷ്ടങ്ങളില്ലാതെ അവരെ പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചാൽ നമുക്ക് ലഭ്യമാകുന്നത് ഒരു പുതിയ വിദ്യാഭ്യാസ ചക്രവാളമായിരിക്കും. ഒരു പക്ഷേ അതിനായിരിക്കും, പുതിയ നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ പ്രപഞ്ചത്തിൽ സ്ഥാനം. ●


**മലങ്കരസഭ ഓഫീസിൽ ഫോൺ**

മലങ്കരസഭ മാസികയുടെ ഓഫീസിൽ പുതിയ ഫോൺ ലഭ്യമായി.

**നമ്പർ : 573234**

OFFICE TIME : Monday to Friday 10 a.m. to 5 p.m. Saturday 10 a.m. to 1 p.m.
Lunch Break 1 p.m. to 2 p.m. Everyday








# ചില സഭാചരിത്ര യാഥാർത്ഥ്യങ്ങളിലേക്ക് ഒരു വിരൽചൂണ്ടൽ

ചിലകാര്യങ്ങൾക്കൂടി നമ്മുടെ ഹൃദയത്തിൽ സങ്കടത്തോടുകൂടി ഉരുണ്ടുകൂടുന്നുണ്ട്. 1995 മാർച്ച് 25ൽ പ്രസ്താവിച്ച സുപ്രിംകോടതിയുടെ ഭൂരിപക്ഷവിധിയിൽ ജഡ്ജിമാർക്ക് പലകാര്യങ്ങളും അനുഭവപ്പെട്ടിട്ടുണ്ട്. അവയെല്ലാം Findings (അന്വേഷണഫലം) എന്ന തലക്കെട്ടിൽ അവർ ദീർഘമായിത്തന്നെ വിസ്തരിച്ചിട്ടുണ്ട് അവയോരോന്നും എടുത്തുപറയുവാനാണെങ്കിൽ വളരെ സമയമെടുക്കും. അവയെല്ലാം ഉപസംഹരിച്ചുകൊണ്ട് പത്ത് വിധിന്യായങ്ങൾ പ്രസ്താവിച്ച് വിധിസമാപിപ്പിക്കുകയായിരുന്നു. ഒരു കാര്യംകൂടി ഇവിടെ ചിന്തിക്കുവാതിരിക്കുവാൻ നിർവ്വാഹമില്ല മൂന്നു പ്രധാനപ്പെട്ട ജഡ്ജിമാരാണ് ഈ കേസ്സുകൾ കേട്ട് തീരുമാനിക്കുവാൻ നിയോഗിതരായത്.

1. ബഹു. ആർ.എം. സഹായി 2. ബഹു. വി.പി. ജീവൻ റെഡ്ഡി 3. ബഹു. സുഹാസ് സി. സെൻ

എന്നാൽ അവസാനം പേരു പറഞ്ഞിരിക്കുന്ന രണ്ടുപേരുടെ ഏകോപിച്ചുള്ള വിധിയെഴുത്ത് ഭൂരിഭാഗക്കാരുടേതാകയാൽ അതിന്റെ അംഗീകാരത്തിന് കൂടുതൽ പ്രാധാന്യമുണ്ട്, അതുകൊണ്ടാണ് നമ്മുടെ പ്രതിപാദനത്തിൽ അവർക്കു മുൻഗണന നൽകിയിരിക്കുന്നത്. അതുകൊണ്ട് ആദ്യത്തേത് അപ്രസക്തമെന്നല്ല, അതും പ്രസക്തമാണ്. എന്നാൽ ഇവർ രണ്ടുപേരുടെ കൂട്ടായ വിധിയായതുകൊണ്ട് അതാണ് കൂടുതൽ പ്രസക്തം. സഭയുടെ കാനോൻ സംബന്ധിച്ചുള്ള പ്രതിപാദനങ്ങളാണ് ആദ്യത്തേത്.

ഈ കേസ്സിൽ കാനോൻ അത്ര പ്രസക്തമല്ലെങ്കിലും അതിനെക്കുറിച്ചുള്ള വ്യക്തമായ തീരുമാനങ്ങൾ ഈ വിധിയിലുണ്ട്. വിധിയുടെ സമാപന വ്യവസ്ഥകളിൽ ഒന്നാമത്തേതിൽ തന്നെ ഈ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. പാത്രിയർക്കീസ് വിഭാഗക്കാർ സമർപ്പിച്ച 18 അക്കകാനോൻ ശരിയാണെന്ന് വട്ടിപ്പണക്കേസിൽ വിധിച്ചിട്ടുണ്ട് എങ്കിലും സമുദായക്കേസിൽ ജില്ലാജഡ്ജി കാതോലിക്കാകക്ഷി സമർപ്പിച്ച A അക്ക കാനോനാണ് ശരിയെന്ന് വിധിയെഴുതിയിട്ടുണ്ട്. ആ വിധിയെക്കുറിച്ച് 1958-ലെ സുപ്രീംകോടതി വിധിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് "The result there fore is that the appeal must be accepted the judgement of the highcourt setting aside degree of the trial court dismissing the suit must be restored and we order accordingly" (ഫലത്തിൽ അപ്പീൽ സ്വീകരിച്ചിരിക്കുന്നു. ഹൈക്കോടതിയുടെ തീരുമാനം നാം റദ്ദാക്കിയിരുന്നു. വിചാരണക്കോടതിയിൽ (പാത്രിയർക്കീസ് വിഭാഗത്തിന്റെ) കേസ് നിരസിച്ചുകൊണ്ടുള്ള തീരുമാനം പുനഃസ്ഥാപിയ്ക്കപ്പെട്ടു. അപ്രകാരം തന്നെ ഞങ്ങളും വിധിപ്രഖ്യാപിക്കുന്നു.) ഈ തീരുമാനം 1995 ലെ വിധിയിൽ എടുത്തു പ്രസ്താവിച്ചിട്ടുണ്ട്. ആകയാൽ കാതോലിക്കാ കക്ഷി ഹാജരാക്കിയ A-അക്ക കാനോൻ സാക്ഷാത്തായിട്ടുള്ളതും സാധുവായിട്ടുള്ളതുമാണെന്ന് വളരെ വ്യക്തമാണ്. തീരുമാനം തന്നെ 1995 ലെ സുപ്രീംകോടതി വിധിയിലും വ്യക്തമായി ഈ വ്യവസ്ഥയിലൂടെ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ 1934 ഭരണഘടന അതിന്റെ 46 ലും 71 ലും വരുത്തിയിരിക്കുന്ന മാറ്റങ്ങൾ ഒഴിച്ച് എല്ലാ വ്യവസ്ഥകളും യഥാക്രമം ബന്ധപ്പെട്ട എല്ലാവരും ബാധകമാണെന്ന് വിധിയിൽ വ്യക്തമായി പ്രസ്ഥാവിച്ചിട്ടുണ്ട്. ഈ ഭരണഘടനയിൽ 5-ാമത്തെ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന കാനോൻ ഓർത്തഡോക്സ് വിഭാഗം ഹാജരാക്കിയ കാനോൻ തന്നെയാണ്. ആകയാൽ ഈ കാനോനും എല്ലാവർക്കും ബാധകമാണെന്ന് എടുത്തു പറയേണ്ട കാര്യമില്ലല്ലോ? '18' അക്കകാനോൻ കേസ്സിന് ഹാജരാക്കുവാൻ വേണ്ടി പഴയ കാനോൻ പുസ്തകത്തിൽ നിന്നും വിത്യാസപ്പെടുത്തിയിട്ടുള്ളതാണെന്നും, എന്നാൽ A-അക്ക കാനോൻ പാരീസിൽ അച്ചടിച്ചതിന്റെ പ്രതിയാണെന്നും, അവർക്ക് കക്ഷിയും ഒന്നും ഇല്ലാത്തതുകൊണ്ട് ഉള്ളതു അതുപോലെ അച്ചടിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളതാണെന്നും പൂർവീകന്മാർ വിശ്വസിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ഈ കാനോൻ സ്വീകരിക്കുകയാണെങ്കിൽ അതിന്റെ വ്യവസ്ഥകളും നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ആ കാനോനിൽ ആചാര്യത്വം സംബന്ധിച്ചുള്ള ഖണ്ഡികയിൽ ലോകത്തിലെ നാലുദിക്കുകളുടെ സംഖ്യ അനുസരിച്ച് പാത്രിയർക്കീസന്മാർ '4' പേരുണ്ടായിരിക്കണം. എല്ലാവരുടെയും പ്രധാനതലവൻ റോമിലെ പാത്രിയർക്കീസും അദ്ദേഹത്തോടുകൂടെ എഫേസോസിൽ നിന്ന് പാത്രിയർക്കാസ്ഥാനം അങ്ങോട്ടു മാറ്റപ്പെടുകയും പുതിയ റോമായെന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തീനോസ്പ്പോലീസിലെ പാത്രിയർക്കീസും അദ്ദേഹത്തിനോടു കൂടെ പൗരസ്ത്യ ദേശം മുഴുവനിലും അധികാരമുള്ള അന്ത്യോഖ്യയിലെ പാത്രിയർക്കീസും ആയിരിക്കണം. ഫീലിപ്പോസ് കേസറിയായിലെ മെത്രാപ്പോലീത്തായുടെ അധികാരത്തിന് വിധേയമായി എപ്പിസ്കോപ്പാസ്ഥാനം ഉണ്ടായിരുന്ന ഊർശ്ലേമിന് ഇനി മേലിൽ അഞ്ചാമത്തെ പാത്രിയർക്കീസെന്ന ബഹുമതി ഉണ്ടായിരിക്കേണ്ടതും അവിടുത്തെ മേലധികാരം കേസറിയായിലെ മെത്രാപ്പോലീത്തായ്ക്ക് തന്നെ ഇരിക്കേണ്ടതുമാകുന്നു. പൗരസ്ത്യദേശത്തിലെ വലിയ മെത്രാപ്പോലീത്തായ്ക്ക് ഇനിമേലിൽ പാത്രിയർക്കീസിനെപ്പോലെ

പൗരസ്ത്യദേശത്ത് മെത്രാപ്പോലീത്താമാരെ വാഴിക്കുവാനുള്ള അധികാരം നൽകപ്പെട്ടിരുന്നു. അദ്ദേഹം കാതോലിക്കായെന്ന് പ്രസ്താവിക്കപ്പെടുകയും ചെയ്യണം. പാശ്ചാത്യരുടെ സുന്നഹദോസിൽ അദ്ദേഹം സന്നിഹിതനാകുമ്പോൾ എല്ലാ മെത്രാപ്പോലീത്തമാരുടേയും മേലായി ഉർശ്ലേം പാത്രിയർക്കീസിന്റെ കൂടെ അദ്ദേഹത്തിനുള്ള ഇരിപ്പടം ക്രമീകരിക്കണം. ഈ കാരണം കൊണ്ടാണ് നമ്മുടെ വി. കുർബ്ബാനയിൽ തുബ്ദേനിൽ അന്ത്യോഖ്യയുടെ മാർ ഇഗ്നാത്ത്യോസിനെയും, കാതോലിക്ക മാർ ബസ്സേലിയോസിനേയും, ഊർശ്ലേമിലെ മോർ ഗ്രീഗോറിയോസിനെയും ആദരപൂർവ്വം പേരോർത്ത് പ്രാർത്ഥിക്കുന്നത്.

ഈ കാനോൻ പുസ്തകം സമുദായക്കേസിന്റെ വിചാരണക്കോടതിയിൽ അംഗീകരിച്ചിരുന്നതിനാലും ബഹുമാനപ്പെട്ട സുപ്രീം കോടതി ആ വിധിയെ സ്ഥിരീകരിച്ചിരിക്കുന്നതുകൊണ്ടും 1995–ലെ സുപ്രീംകോടതിയുടെ സമാപന വിധിപ്രഖ്യാപനത്തിൽ അംഗീകരിച്ച് പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ടും ഈ കോടതി അരക്കിട്ടുറപ്പിച്ച് പ്രഖ്യാപിച്ച 1934–ലെ ഭരണഘടനയ്ക്കകത്ത് 5–ാം വകുപ്പിൽ ചേർത്തിരിക്കുന്നതു കൊണ്ടും എല്ലാവരും അംഗീകരിക്കുന്നതും ആർക്കും തർക്കിക്കുവാൻ പാടില്ലാത്തതുമായ ഒരു ഉന്നത രേഖയാണ്. മഹാപണ്ഡിതനും, അന്നത്തെ അദ്ദേഹത്തിന്റെ സമകാലീനന്മാരിൽ അദ്വിതീയനുമായിരുന്ന ബാർ എബ്രായ രചിച്ചിട്ടുള്ള ഈ കാനോൻ രേഖകളിൽ പല യാഥാർത്ഥ്യങ്ങളും സംശയാതീതമാണ്. ഭൂലോകത്തിനു നാലുവശങ്ങൾ ഉള്ളതു പോലെ ക്രൈസ്തവ സഭയെ ആകമാനം നാലായിട്ടു വിഭജിച്ചിരിക്കുന്നു. അവയിൽ ഒന്നാമത്തേത് റോമായുടെ പാത്രിയർക്കീസും അദ്ദേഹത്തോടുകൂടെ കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസും, അദ്ദേഹത്തോടുകൂടെ അന്ത്യോഖ്യയുടെ പാത്രിയർക്കീസും ആകുന്നു. ഇവർ നാലുപേരും സമന്മാരാണെന്നുള്ളത് വളരെ വ്യക്തമാണ്. എന്നാൽ വേണമെങ്കിൽ ഈ സമന്മാരിൽ ഒന്നാമത്തേത് റോമാ പാത്രിയർക്കീസ് ആണെന്നു പറയാം. അദ്ദേഹത്തിന് സമന്മാരിൽ മുമ്പനെന്നുള്ള ഒരു പദവിയല്ലാതെ ഇന്ന് റോമാസഭ അവകാശപ്പെടുന്ന അധികാരാവകാശങ്ങൾ ബാർ എബ്രായ പിതാവിന്റെ കാലത്ത് നിലനിന്നിരുന്നില്ല എന്നുള്ളത് ഒരു ചരിത്ര സത്യമാണ്.

കാതോലിക്കായെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ ഇടവകയിൽ മെത്രാനെ വാഴിക്കുന്നതിന് അധികാരവും സ്വാതന്ത്ര്യവും ഉള്ള ആളെണെന്ന് കാനോനിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. പൗരസ്ത്യദേശത്ത് ഒരു വിശ്വാസിക്കും കൃപകളുടെയും നൽവരങ്ങളുടെയും ന്യൂനത സംഭവിക്കാതിരിപ്പാൻ വേണ്ടതു ചെയ്യുന്നപതിവും പരിചയവുമാണ് അന്നത്തെപിതാക്കന്മാർക്ക് ഉണ്ടായിരുന്നത്, ഇന്നത്തെ ക്രൈസ്തവ പാരമ്പര്യത്തിൽ ഇതിനു വിപരീതമായി മറ്റുള്ളവര ആക്രമിച്ചും അധികാരവകാശങ്ങൾ കരസ്ഥമാക്കുവാൻ ഏതു തന്ത്രങ്ങളും, കുതന്ത്രങ്ങളും അനുഷ്ഠിക്കുവാൻ ശങ്കകൂടാതെ ശാഠ്യം പിടിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

യൗനായ കാലം 1180–ാം മാണ്ട് ശ്ബോത്ത് മാസത്തിൽ (എ. ഡി. 869) യൂഹാനോൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ കഫർതുത്തായിൽ സമ്മേളിച്ച സുന്നഹദോസിൽ വച്ച് എട്ടു നിശ്ചയങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ രണ്ടാമത്തേതിൽ ക്ഷണിക്കപ്പെടുമ്പോഴല്ലാതെ തിഗ്രീസിലെ (കാതോലിക്കായുടെ) ഇടവകകളിൽ ഭരണരീത്യാ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ, മഫ്രിയാന (കാതോലിക്കോസ്) പാത്രിയർക്കീസിന്റെ ഇടവകകളിലും പ്രവേശിക്കരുത്. മൂന്നാമത്തേതിൽ മഫ്രിയാന അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൂട്ടത്തിൽ സന്നിഹിതനാകുമ്പോൾ അദ്ദേഹത്തിന്റെ വലതുവശത്ത് ഒന്നാമതായിരിക്കുകയും അദ്ദേഹത്തിന്റെ പിന്നാലെ പേരു പ്രസ്താവിയ്ക്കപ്പെടുകയും ചെയ്യണം. നാലാമത്തേതിൽ മഫ്രിയാന ജീവിച്ചിരിയ്ക്കെ അദ്ദേഹത്തിന്റെ സമ്മതം കൂടാത പാത്രിയർക്കീസിനെ വാഴിയ്ക്കരുത്. അങ്ങനെയല്ലാതെ ചെയ്താൽ പൗരസ്ത്യർക്ക് സ്വയമായി മഫ്രിയാനയെ വാഴിക്കുവാനും. അധികാരമുണ്ടായിരിക്കും. ആരാമത്തെതിൽ പടിഞ്ഞാറും കിഴക്കും തമ്മിലുണ്ടായിട്ടുള്ള മുടക്കുകൾ പിൻവലിയ്ക്കണമെന്നും 8–ാ മത്തേതിൽ മഫ്രിയാനയാൽ നിരോധിയ്ക്കപ്പെടുന്ന എപ്പിസ്കോപ്പാ, പാത്രിയർക്കീസിനാലും നിരോധിക്കപ്പെട്ടവനായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം കാനോൻ പുസ്തകത്തിൽ 7–ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന കാരണത്താൽ സുപ്രീംകോടതിയിലെ പ്രഖ്യാപിതവ്യവസ്ഥകളും എല്ലാവർക്കും ബാധകമാണ്. കാരണം 1958–ലെ സുപ്രീംകോടതി വിധിയിലും 1995–ലെ സുപ്രീംകോടതി വിധിയിലും ഈ കാനോൻ നിയമങ്ങൾ അംഗീകരിച്ച് സാധുവായിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ കാനോൻ നിയമങ്ങളനുസരിച്ച് റോമിലേയും അന്ത്യോഖ്യയുടേയും പാത്രിയർക്കീസുമാർ തുല്യപ്രധാനികളാകുന്നു. അവരോടൊപ്പം സ്വന്ത്രമായി വ്യാപരിക്കുന്ന ഒരു ആസ്ഥാനമാണ് കാതോലിക്കോസിന്റേതും. കാതോലിക്കോസിന്റെ അധികാര സീമയിൽ അന്ത്യോഖ്യാ സിംഹാസനം കാതോലിക്കോസിന്റെ അനുവാദം കൂടാതെ പ്രവേശിക്കുവാനോ പ്രവർത്തിക്കുവാനോ സാധ്യമല്ലാത്തനിലയിൽ നിരോധിക്കപ്പെട്ടിരിക്കുന്നു എന്ന് ഈ കാനോൻ വ്യക്തമായി വിളിച്ചറിയിക്കുന്നു.

ഇവയുടെയെല്ലാം വെളിച്ചത്തിൽ ചരിത്രം വിശകലനം ചെയ്യുമ്പോൾ 1912–ൽ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാ സ്ഥപാനം ഒരു സ്വാതന്ത്ര സ്ഥാപനമാണെന്നുള്ളതും അതിന് സ്വയം ശീർഷകത്വം ഉണ്ടായിരുന്നു എന്നുള്ളതും വളരെ വ്യക്തമായ വസ്തുതയാണ്. കാതോലിക്കാ എന്ന പദത്തിന്റെ അർത്ഥം തന്നെ "പൊതുവിന്റെ പിതാവ്" എന്നുതന്നെയാണ്. പാത്രിയർക്കീസ് എന്ന വാക്കിന്റെ അർത്ഥം "ഭരണകർത്താവായ പിതാവ്" എന്നാണ്. ഈ ആശയം ഉൾക്കൊണ്ടുകൊണ്ടാണ് അർമീനിയിൻ സഭയും ജോർജിയനും സഭയും അവരുടെ സഭയുടെ പരമാദ്ധ്യക്ഷനെ 'കാതോലിക്കാ' എന്ന പേരു നല്കിയത്. (എന്നാൽ പാത്രിയർക്കീസന്മാരും കാതോലിക്കായും ഒരുമിച്ച് കൂടുമ്പോൾ പാത്രിയർക്കീസന്മാരുടെ സ്ഥാനം കഴിഞ്ഞ് തൊട്ടടുത്ത സ്ഥാനത്ത് ഇരിക്കണം എന്നാണ്, അങ്ങനെ യുള്ള ഒരു പരിഗണനയാണ് കാതോലിക്കോസിന് അർഹമായിട്ടുള്ളതെന്ന് ഈ കാനോൻ നിയമങ്ങൾ ഉത്ഘോഷിക്കുന്നു. ഇതനുസരിച്ച് പരി. പാത്രിയർക്കീസ് ബാവാ തിരുമേനിക്ക് ഒരു ജ്യേഷ്ഠ സഹോദരൻ എന്നുള്ള നിലയിൽ ഒരു ശ്രേഷ്ഠത അദ്ദേഹത്തിനുണ്ട്.) നാം ഒന്നാം തുബ്ദേനിൽ ആദ്യമേ പാത്രിയർക്കിസ് ബാവായുടെ പേര് ഓർക്കുന്നു. എന്നാൽ ഇത് കൊണ്ട് കാതോലിക്കോസിന്റെ മേൽ അദ്ദേഹത്തിനു അധികാരമുണ്ട് എന്നു വ്യാഖ്യാനിക്കുന്നത് സത്യവുമല്ല, നീതിയുമല്ല, അത് പൊറുക്കാൻ പ്രയാസമായ തെറ്റുമാണ്.

അതുകൊണ്ട് ഭരണാധികാരവും ഭരണസ്വാതന്ത്ര്യവും അതിന്റെ സമ്പൂർണ്ണതയോടുകൂടി പരിശുദ്ധ കാതോലിക്കാബാവായുടെ സഭയിൽ കാതോലിക്കായ്ക്കും പരി. പാത്രിയർക്കീസിന്റെ സഭയിൽ പാത്രിയർക്കീസിനും ഉണ്ടായിരിക്കും. ഇത് വളരെ അർത്ഥവത്താണ്. അവർ അന്യോന്യം സ്നേഹിച്ചും ബഹുമാനിച്ചും, ആദരിച്ചുമാണ് വർത്തിക്കേണ്ടത്.

മറഞ്ഞു കിടന്ന ഈ സത്യങ്ങൾ ഓർത്തുകൊണ്ടാണ് മലങ്കരസഭക്ക് അനുഗ്രഹമായ ആ ദൈവീക സന്ദർശവും സാഹചര്യവും വന്നപ്പോൾ അന്ത്യോഖ്യയുടെ സീനിയർ പാത്രിയർക്കീസായ പരിശുദ്ധനായ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവാ തിരുമേനി മലങ്കരയിൽ എഴുന്നള്ളി 12 അപ്പോസ്തോലന്മാരിൽ ഒരു കുറവും ഇല്ലാത്തവനായ പ. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയിൽ 1912 ൽ സ്വതന്ത്രമായ കാതോലിക്കാ സ്ഥാപനം സ്ഥാപിക്കുകയും അന്നത്തെ ഭാഗ്യസ്മരണാർഹനായ മുറിമറ്റത്ത് പൗലോസ് മെത്രാപ്പോലീത്തായെ ബസ്സേലിയോസ് പൗലോസ് പ്രഥമൻ എന്ന നാമധേയത്വത്തിൽ കാതോലിക്കാ ആയി വാഴിക്കുകയും ചെയ്യുന്നത്. അദ്ദേഹം അങ്ങനെ മലങ്കരയുടെ ഒന്നാം കാതോലിക്കാ ആയിത്തീർന്നു.

മലങ്കരസഭയ്ക്ക് യാതൊരു വാട്ടമോ, കോട്ടമോ, കുറ്റമോ, കുറവായോ യാതൊരു കാരണവശാലും സംഭവിക്കാതിരിക്കുവാൻ തക്കവണ്ണം സഭയ്ക്കാവശ്യമായ എല്ലാം അധികാരങ്ങളും പകർന്നുകൊടുക്കുന്നതായ ശ്രേഷ്ഠമായ കല്പനകളും നല്കുകയുമുണ്ടായി. ഈ കല്പനകളുടെ വെളിച്ചത്തിൽ കാതോലിക്കോസിന്റെ കീഴിലുള്ള മലങ്കരസഭ അതിന്റെ മുമ്പു കുറേക്കാലത്തേക്കുണ്ടായിരുന്ന സ്ഥിതി വിശേഷത്തിൽ നിന്ന് വളെരെ വളരെ വ്യത്യസ്തമാണ്. അന്നു വി. മാമോദീസായ്ക്ക് വി. മൂറോൻ വേണമെങ്കിൽ അന്ത്യോഖ്യയോടു കേണു യാചിക്കേണ്ടിയിരുന്നു. ഇവിടെ മെത്രാപ്പോലീത്തന്മാരെ വാഴിയ്ക്കണമെങ്കിൽ അന്ത്യോഖ്യായെ പ്രീണിപ്പിക്കാതെ സാധ്യമായിരുന്നില്ല. ഈ വ്യവസ്ഥിതിയൊക്കേയും വിരാമം കുറിക്കുവാൻ 1912–ലെ കാതോലിക്കാ സ്ഥാപനത്തിനു പൂർണമായും കഴിഞ്ഞു. ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്ന അന്തസ്സും അഭിമാനവും പുലർത്തുന്ന സഭാമക്കൾ ഈ സഭാവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നു. □



# സുവിശേഷ സന്ദേശം

ഫാ. കുര്യൻ ദാനിയേൽ

**പെന്തിക്കൊസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച**

വി: വേദഭാഗം. വി.യോഹന്നാൻ 6:26 –35.

പരിശുദ്ധ സഭയുടെ മാമൂദീസായെന്നു വിശേഷിപ്പിക്കാവുന്ന പെന്തിക്കൊസ്തിയുടെ അനുഭവം ഒരു വിശ്വാസിയെ ഭരമേല്പിക്കുന്ന ജീവിതചര്യയാണ് ഇന്നത്തെ വേദഭാഗത്തിലൂടെ വെളിവാകുന്നത്. വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗത്തിൽ പ്രത്യാശയോടെ പ്രയാണം ചെയ്യാൻ ഒരു സത്യാന്വേഷിയ്ക്ക് എങ്ങിനെയാവുമെന്ന് യേശു തന്നെ അനുഗമിച്ച പുരുഷാരത്തോടുള്ള സംഭാഷണത്തിൽ വ്യക്തമാക്കി. ഈ സംഭാഷണത്തിന്റെ പശ്ചാത്തലം പ്രാധാന്യമർഹിക്കുന്നു. അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് ആയിരക്കണക്കിന് മനുഷ്യരെ പരിപോഷിപ്പിച്ച യേശുവിനെ അന്വേഷിച്ച് ഗുണഭോക്താക്കളായ പുരുഷാരം കഫർന്നഹൂമിലെത്തി. ഉദ്വേഗത്തോടുകൂടിയ അവരുടെ അന്വേഷണത്തിന്റെ അകപൊരുളറിഞ്ഞ യേശു അവരുടെ മനോഗതം വെളിവാക്കി. "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്" വി.യോഹ 6:26, സാധാരണക്കാർക്ക് പ്രിയതരമായ മൂന്ന് സാദൃശ്യങ്ങൾ അവർക്ക് മുമ്പിൽ നിരത്തിയിട്ട് ഉദാത്തമായ ചില ചിന്തകളിലേക്ക് അവരെ താൻ ക്ഷണിക്കുന്നു.

1) പ്രവൃത്തി (Act) പ്രവർത്തന നിരതരായിരുന്ന ഒരു പറ്റം ജനത്തോടാണ് യേശു സംസാരിക്കുന്നത്, പക്ഷേ പ്രവർത്തനത്തിന് അവർക്ക് ലഭ്യമായ പ്രേരണയും അവർവച്ച ലക്ഷ്യവും വികലമായിരുന്നുവെന്ന് കർത്താവ് ചൂണ്ടിക്കാട്ടി. താൻ കല്പിച്ചു "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ". യോഹ 6:27, വീണ്ടും താൻ കല്പിച്ചു "ദൈവത്തിനു പ്രസാദമുണ്ടായ പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ". വി. യോഹ. 6:29. നശിച്ചുപോകുന്ന ആഹാരത്തിനായുള്ള പ്രവർത്തി (labour for the food which perishes) എന്നതുകൊണ്ട് യേശു അർത്ഥമാക്കിയത് നൈമിഷികവും സുഖദായകവുമായ കാര്യങ്ങൾ ലക്ഷ്യംവച്ചുകൊണ്ടുള്ള സകല പ്രവർത്തിയെയുമാണ്, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായുള്ള പ്രവൃത്തിയെ ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി (The works of God) എന്നു താൻ വിശേഷിപ്പിച്ചു. ദൈവത്താൽ അയയ്ക്കപ്പെട്ടവനെ വിശ്വസിക്കുന്ന ക്രീയയാണ് യഥാർത്ഥ പ്രവൃത്തി. സകല നന്മ പ്രവൃത്തികളും ഈ വിശ്വാസത്തിന്റെ പ്രതിഫലനങ്ങളും. ദൈവപുത്രനെന്ന നിലയിൽ യേശുവിന്റെ സ്ഥാനവും സ്വാധീനവും എത്ര കണ്ട് നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിക്കുന്നുവെന്ന് ചിന്തിക്കുന്നത് നല്ലതാണ്.

2) ആഹാരം (food) ജീവിത സന്ധാരണത്തിന് മനുഷ്യന് ആവശ്യമായിരിക്കുന്ന ആഹാരമെന്ന ഘടകത്തിന് യേശു നൽകിയ പുതിയമാനം യഥാർത്ഥമായ ആഹാരം താൻ തന്നെയാകുന്നുവെന്നാണ്. യേശു അവരോട് പറഞ്ഞത് "ഞാൻ ജീവന്റെ അപ്പമാകുന്നു എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല" യോഹ 6:35, സ്വർഗ്ഗത്തിൽ നിന്ന് മന്നായെന്ന ആഹാരമിറക്കിയ മോശയെപ്പറ്റി അഭിമാനത്തോടെ സംസാരിക്കയും മന്നാ ഭക്ഷിച്ച പിതാക്കന്മാരിൽ ഊറ്റം കൊള്ളുകയും ചെയ്ത ജനതതിയോടാണ് യേശു ഇത് സംസാരിച്ചത്. സ്വർഗ്ഗത്തിൽ നിന്ന് സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നത് എന്റെ പിതാവാണെന്ന് യേശു പറയുമ്പോൾ നിത്യ പിതാവിൽ നിന്നും അയ്ക്കപ്പെട്ട നിത്യപുത്രനാണ് താനെന്ന സത്യം കർത്താവ് പ്രഖ്യാപിക്കയാണ് ചെയ്തത്. ദാനങ്ങൾക്കുപരിയായി ദാതാവിനെ ആഗ്രഹിക്കേണ്ടതിനെപ്പറ്റി കർത്താവ് ഓർമ്മിപ്പിക്കുന്നു. നശിച്ചുപോകുന്ന ആഹാരത്തിൽ നിന്ന് നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരത്തെ താൻ വേർതിരിച്ചു കാണിക്കുന്നു. കാൽവറിയിൽ തന്റെ പരമയാഗവും അതിനുമുമ്പായി താൻ നിർവഹിച്ച വി: കുർബ്ബാന സ്ഥാപനവും യഥാക്രമം ജീവനുള്ള ബലിയും യഥാർത്ഥ ഭക്ഷണവുമെന്ന് താൻ കാണിച്ചു.

**3) അടയാളം (Sign).** "അവർ അവനോട് ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിന് നീ എന്ത് അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു? നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു അവർക്കു തിന്നുവാൻ സ്വർഗ്ഗത്തിൽ നിന്ന് അപ്പംകൊടുത്തുഎന്ന് വിശ്വസിക്കുന്നുവല്ലോഎന്നു പറഞ്ഞു." യോഹ 6:30,31 വിശ്വാസത്തിന് പ്രത്യക്ഷമായ അടയാളം ആവശ്യപ്പെടുന്നത് സ്വാഭാവികം മാത്രം എന്നാൽ തന്റെ രക്ഷണ്യ പ്രവർത്തനങ്ങളിലും വിശിഷ്യാ ജീവിത യാഥാർത്ഥ്യങ്ങളിലും തെളിഞ്ഞുനിന്ന യാഥാർത്ഥ്യങ്ങളാണ് യേശു അടയാളമായി ശിഷ്യഗണത്തിന് വെളിപ്പെടുത്തിയത്. ഒരിക്കൽ യേശു പുരുഷാരത്തോടു പറഞ്ഞു. "ഈ ലമുറ ദോഷമുള്ള തലമുറയാകുന്നു. അത് അടയാളം അന്വേഷിക്കുന്നു. യോനായുടെ അടയാളമല്ലാതെ അതിനു ഒരു അടയാളവും കൊടുക്കയില്ല. യോനാ നിനെവെക്കാർക്കു അടയാളമായതുപോലെ മനുഷ്യപുത്രൻ ഈ തലമുറയ്ക്കും ആകും" ലൂക്കോസ് 11:29,30. ജീവൽസ്പർശിയായ അടയാളങ്ങളെ വെളിവാക്കുവാനാണ് കർത്താവ് ആഗ്രഹിച്ചത് അതുതന്നെ. അവൻ നമ്മെക്കുറിച്ച് ആഗ്രഹിക്കയും ചെയ്യുന്നു.

Lavater എന്ന എഴുത്തുകാരൻ ഇപ്രകാരം പറഞ്ഞു "Act well at the moment and you have performed a good action for all eternity"(ലഭ്യമായ സാഹചര്യത്തിൽ ഏറ്റം ഭംഗിയായി പ്രവർത്തിച്ചാൽ അത് നിത്യതയിലേക്കുള്ള ഒരു പ്രവൃത്തിയായിരിക്കും.) നല്ല പ്രവൃത്തി നല്ല ആഹാരവും നന്മനിറഞ്ഞ അടയാളങ്ങൾക്ക് മുഖാന്തിരവുമായിരിക്കും. പരിശുദ്ധാത്മ കൃപയും നിറവും ഉൾക്കൊണ്ട് നന്മയിൽ വളരാൻ നമുക്കാവണം.

**പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ**

വി: വേദഭാഗം: വി:മത്തായി 10:5–13.

പരിശുദ്ധ സഭയുടെ സ്ഥാപനത്തിനും കെട്ടുപണിയ്ക്കുമായി അടിസ്ഥാനക്കല്ലുകൾ എന്ന നിലയിൽ വിളിച്ചു വേർതിരിക്കപ്പെടുന്ന രംഗമാണ് ഇന്നത്തെ വി: വേദഭാഗം. അരുമനാഥന്റെ രക്ഷണ്യ പ്രവർത്തികളുടെ പിൻതുടർച്ചക്കാരും ഗുണഭോക്താക്കളുമെന്ന നിലയിലാണ് കാലിക സഭയെ നമുക്കു ദർശിക്കാനാവുക, അപ്പസ്തൊലത്വത്തിന്റെയും സാക്ഷികരണത്തിന്റെയും വലിയ പദവിയും ചുമതലയും സഭാമക്കളിൽ നിക്ഷിപ്തവുമാണ് എന്നാൽ തന്നാൽ അയ്ക്കപ്പെട്ടവരെക്കുറിച്ച് യേശുവിനുണ്ടായിരുന്ന ഉദ്ദേശ്യമെന്താണ്? അതിൻനിന്ന് വ്യത്യസ്തമായ എന്തെങ്കിലുമാണോ ഇന്ന് യേശു സഭയെക്കുറിച്ച് ആഗ്രഹിക്കുന്നത് എന്നു ചിന്തിക്കാൻ നമുക്കാവണം. അപ്പൊസ്തോലന്മാരും ഉത്തമസാക്ഷ്യം നിർവഹിച്ച ആദിമസഭയും നമുക്കു കൺമുന്നിൽ ആയിരിക്കുന്ന പുതിയ സഹസ്രാബ്ദത്തിലെ സഭയിൽനിന്നും സാക്ഷ്യ ശൈലിയിൽ എത്രകണ്ട് ഉന്നതമായിരിക്കുന്നുവെന്ന് മനസ്സിലാക്കണം.

യേശു "അവരെ അയച്ചു" എന്നും യേശു "അവരോട് ആജ്ഞാപിച്ചു"എന്നും നാം തിരുവചനത്തിൽ വായിക്കുന്നു. യേശുവിൽനിന്ന് നിയോഗം പ്രാപിച്ച സമൂഹം തന്നെയാവണം യഥാർത്ഥ സഭ. നിയോഗം മാത്രമല്ല നിയന്ത്രണവും യേശുവിൽ നിന്നാവണം. സാക്ഷ്യപാതയിൽ സഭ ആത്യന്തീകമായി ലക്ഷ്യം വയ്ക്കേണ്ടത് എന്താവണം? (Aim), ലക്ഷ്യത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാവുന്ന ആകർഷണങ്ങൾ ഏവയാണ് (Attractions), അവയോടുള്ള നമ്മുടെ മനോഭാവം എന്താവണം? (Attitudes) ഇക്കാലത്തേക്ക് അതീവ പ്രസക്തമായ ഈ ചിന്തകൾ യേശു അവർക്കു നൽകി.

1) നമ്മുടെ ലക്ഷ്യം എന്തായിരിക്കണം (What should be our aim?) "നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിക്കുവിൻ, രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിക്കുവിൻ, കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ" വി:മത്തായി 10:7,8.

ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലത്ത് പരിസമാപ്തി കുറിച്ച യോഹന്നാനിൽ തുടങ്ങി യേശു ക്രിസ്തുവിലൂടെ ശിഷ്യന്മാർ ഭരമേറ്റ ദൗത്യം സമീപസ്തമായ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള പ്രഘോഷണമാണ് തന്റെ പ്രബോധനങ്ങളുടെ ആകത്തുകയായി ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യത്തെക്കണ്ട കർത്താവ് വിശ്വാസ ജീവിതത്തിന്റെ പരമലക്ഷ്യമായി സ്വർഗ്ഗരാജ്യത്തെ പഠിപ്പിച്ചു. ശ്രദ്ധേയങ്ങളായ ഏഴ് ഉപമാനങ്ങളിലൂടെ സ്വർഗ്ഗരാജ്യത്തെക്കുറിച്ചു താൻ വിശദീകരിച്ചത് വി:മത്തായിയുടെ സുവിശേഷം 13–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം" വി:മത്തായി 12:28. ഇത് അരുമനാഥന്റെ വാക്കുകളാണ്, യുഗാന്ത്യത്തിൽ മനുഷ്യപുത്രൻ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ വലതു ഭാഗത്തുള്ളവർ പ്രാപ്യവും ആകാശവുമാക്കാനിരിക്കുന്ന ഒന്നായിട്ടും താൻ ദൈവരാജ്യത്തെപ്പറ്റി പഠിപ്പിച്ചു വി: മത്തായി 25:34 അപ്പോൾ സ്വർഗ്ഗരാജ്യമെന്ന പരമലക്ഷ്യത്തിലേക്ക് സ്വർഗ്ഗരാജ്യത്തിലൂടെ വളരുവാനാണ് നമ്മുടെ വിളി. The Kingdom of God is already, but not yet. ( ദൈവരാജ്യംവന്നു കഴിഞ്ഞു എന്നാൽ പൂർണ്ണമായും സിദ്ധിച്ചിട്ടില്ല, നാം ലക്ഷ്യം വച്ചിരിക്കുന്ന സ്വർഗ്ഗരാജ്യം സമസൃഷ്ടങ്ങൾക്കും അവകാശപ്പെട്ടതും അർഹിക്കാവുന്നതുമാണെന്ന ബോദ്ധ്യവും നമുക്കുണ്ടാവണം, വന്നുകഴിഞ്ഞ, നാം അതിലായിരിക്കുന്ന, സമീപസ്ഥമായ സ്വർഗ്ഗരാജ്യം സകലർക്കും പരമലക്ഷ്യമായിരിക്കണം.



2) Which are the possible attractions? (സാധ്യമായ ആകർഷണങ്ങൾ ഏവ?)

"മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കുപൊക്കണവും രണ്ടുടുപ്പും ചെരിപ്പും വടിയും കരുതരുത്" വി: മത്തായി 10:10. മടിശ്ശീല (belt) പൊക്കണം (bag) എന്നിവ സാമ്പത്തികസുരക്ഷയിലൂടെ ലഭ്യമാക്കാവുന്ന വളർച്ചയെ പ്രതിനിധാനം ചെയ്യുമ്പോൾ ഉടുപ്പും ചെരിപ്പും വടിയും ഭൗതികവും ബൗദ്ധികവുമായ തലങ്ങളിലുള്ള വളർച്ചയെ പ്രതിനിധികരിക്കുന്നു, ലക്ഷ്യം പ്രഘോഷിക്കുന്നതിനോ അതിൽ എത്തിച്ചേരുന്നതിനോ തടസ്സമാകാവുന്ന ആകർഷണങ്ങളായി യേശു ഇവയെ മനസ്സിലാക്കിക്കാണണം. യാത്രാവേളയിൽ യഹൂദർ സാധാരണ ധരിക്കാറുള്ള അരപ്പട്ടയിലാണ് അവരുടെ മടിശ്ശീല. അതിലാണ് പണം സൂക്ഷിച്ചുവയ്ക്കാറുള്ളത്. പൊക്കണത്തിന് Pera (പെറാ) എന്ന മൂലപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു ഭിക്ഷുവിന്റെ ശേഖര പാത്രമെന്നാണിതിന്നർത്ഥം. ദേശാടനക്കാരായ തത്വജ്ഞാനികൻ ചില സന്ദർഭങ്ങളിൽ പുരുഷാരത്തെ അഭിസംബോധന ചെയ്ത് ഈ പൊക്കണങ്ങളിൽ ശേഖരം നടത്തിയിരുന്നു. ക്രൈസ്തവസഭയുടെ ആദിമനൂറ്റാണ്ടുകളിൽ പ്രചാരത്തിലിരുന്ന ജൂതലിഖിത സമാഹാരമായ തൽമൂദിൽ ഇപ്രകാരം കാണുന്നു യാതൊരുവനും ദേവാലയത്തിൽ വടിയോ ചെരിപ്പോ മടിശ്ശീലയോകൊണ്ടുപോകരുത്. പൊടിയണിഞ്ഞ കാലുമായി പ്രവേശിക്കയുമരുത്. വാണിജ്യ വാസനയും ലോകാസക്തിയും ആരാധനജീവിതത്തിൽ തള്ളപ്പെടേണ്ടതു തന്നെയെന്നാണിതിനർത്ഥം. ലോകത്തിന്റെ അതിരുകളിലേക്ക് അയയ്ക്കപ്പെട്ടപ്പോൾ യേശു ഈ നിർദ്ദേശം കൊടുക്കാൻ കാരണം ലോകം മുഴുവൻ ദേവാലയമായി കാണണമെന്ന ഉന്നതാദർശമാവാം.

3) നമ്മുടെ മനോഭാവം എന്തായിരിക്കണം? (What should be our attitude?)

"സൗജന്യമായി നിങ്ങൾക്കു ലഭിച്ചു. സൗജന്യമായി കൊടുപ്പിൻ" വി:മത്തായി 10:8 "വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ വി:മത്തായി 10:11 വൈരുദ്ധ്യത നിറഞ്ഞിരിക്കുന്ന ജീവിതം വെല്ലുവിളിയേറെയുള്ളതാണെന്നതിനു തർക്കമില്ല. എന്നാൽ പിരിമുറുക്കം കൂടാതെ ജീവിതത്തെ അഭിമുഖികരിക്കാനാണ് യേശു കല്പിച്ചത്. ജീവിതത്തെപ്പറ്റിയുള്ള അമിതഭാരമാണ് പലപ്പോഴും അമിതാഗ്രഹങ്ങളിലേക്കും തദ്വാരാ അബദ്ധങ്ങളിലേക്കും നമ്മെനയിക്കാവുന്നത്.

അയയ്ക്കപ്പെട്ടവർക്കായുള്ള യേശുവിന്റെ ആജ്ഞ ശ്രദ്ധിക്കുക "ജാതികളുടെയടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെയടുക്കൽ തന്നെ ചെല്ലുവിൻ" വി:മത്തായി 10:5,6. യേശുവിന്റെ ഈ ആജ്ഞ തന്റെ സാർവ്വലൗകീകമായ രക്ഷാപദ്ധതിയ്ക്ക് വിരുദ്ധമാണ് എന്ന ചിന്ത നമ്മിലുളവാക്കാം. എന്നാൽ അതുശരിയല്ല താൻ കനാന്യ സ്ത്രീയോട് വെളിപ്പെടുത്തിയ പ്രകാരം ദൈവസന്നിധി വിട്ടകന്ന സ്വന്തജനത്തിന്റെ തിരിച്ചുവരവാണ് തന്റെ മുഖ്യമായ ലക്ഷ്യമെന്നിരുന്നാൽതന്നെയും മാനസാന്തരപ്പെടുന്ന പാപി വർഗ്ഗവർണ്ണ ലിംഗ വ്യത്യാസങ്ങൾക്കുമപ്പുറം തനിക്ക് മാനിതനാണ്.

ഗലീലായിൽനിന്നും യെരുശലേമിനു പോകുമ്പോൾ ശമര്യയിൽ കൂടി കടന്നു പോകേണം. പല ദേവന്മാരെ ആരാധിച്ചു വന്ന സങ്കരജാതിയാണ് ശമര്യയിലുണ്ടായിരുന്നത്–തന്റെ പരസ്യ ശുശ്രൂഷയിൽ കർത്താവ് ശമര്യയിൽ താമസിച്ചിട്ടുണ്ട്. നല്ല ശമര്യക്കാരനെ താൻ പുകഴ്ത്തി, ശമര്യനായ കുഷ്ഠരോഗിക്ക് താൻ സൗഖ്യം നൽകി, ശമര്യക്കാരി സ്ത്രീയുമായി താൻ സംഭാഷണം നടത്തി, അതിനാൽ ശമര്യർ നിഷിദ്ധരാണെന്നോ, ശമര്യദേശം പ്രവേശനത്തിനു യോഗ്യമല്ലെന്നോ അല്ല കർത്താവു കൽപിച്ചത്, മറിച്ച് ജാതികളുടെയും ശമര്യക്കാരുടെയും ദൈവ നിഷേധ ജീവിതത്തിന് കൂട്ടുകാരാകരുത് എന്നാവണം.

ലോകം വ്യത്യസ്തത നിറഞ്ഞതാണ് എന്നാൽ അനിന്ദ്യരും നിഷ്കളങ്കരുമായി നാം കാണപ്പെടുവാൻ ആവശ്യമായിരിക്കുന്നു. അപ്പൊസ്തൊല ശുശ്രൂഷ വ്യക്തിഗതമായ നിലയിൽ നാമേവരും ഭരമേറ്റിട്ടുണ്ട്. നമ്മുടെ ലക്ഷ്യത്തെപ്പറ്റിയുള്ള ബോധ്യവും ലക്ഷ്യപ്രാപ്തിയിൽ നിന്ന് നമ്മെപിൻതിരിപ്പിക്കുന്ന ഘടകങ്ങളെക്കുറിച്ച് നമുക്കുള്ള മനോഭാവവും ദൈവസന്നിധിയിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

**പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ**

വി. വേദഭാഗം വി. യോഹന്നാൻ 6:35–45

ദൈവശാസ്ത്രപരമായും കൗദാശികമായും അതീവപ്രധാന്യമർഹിക്കുന്ന ഒരു വേദഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പമായി യേശു സ്വയം പരിചയപ്പെടുത്തുന്ന ഈ ഭാഗത്തിനു പശ്ചാത്തലമാവട്ടെ ബഹുപുരുഷാരത്തെ അഞ്ചു യവത്തപ്പം കൊണ്ട് യേശു പരിപോഷിപ്പിക്കുന്ന അത്ഭുതവും. യേശു പ്രവർത്തിച്ച അത്ഭുതങ്ങളൊക്കെയും വി. യോഹന്നാന്റെ സുവിശേഷത്തിൽ അടയാളങ്ങളായിട്ടാണ് അർത്ഥമാക്കിയിട്ടുള്ളത്. അപ്പത്തിന്റെ സമൃദ്ധിയാൽ ലൗകീക പരിപോഷണം താൻ നിവർത്തിച്ചു. എന്നാൽ ജീവന്റെ അപ്പമായി, ആത്മീയ സന്ധാരണത്തിന് ഏകമാർഗ്ഗമായി, ജീവനുമുള്ള ദൈവത്തിന്റെ പുത്രനായി തന്നെ തന്നെ അവർക്കു കാണിച്ചുകൊടുത്തു. ഈ പ്രബോധനങ്ങൾക്ക് അടിയന്തിരകാരണമെന്താണ്? പുരുഷാരം തന്നിൽ അന്വേഷിച്ച അത്യസാധാരണമായ അടയാളമാണ്. "അവർ അവനോട് ഞങ്ങൾ കണ്ടുനിന്നെ വിശ്വസിക്കേണ്ടതിനു നീ എന്തു അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു" വി. യോഹന്നാൻ 6:30. അപ്പങ്ങളുടെ ബഹുലത സാധിച്ച യേശുവിനേക്കാൾ സ്വർഗ്ഗത്തിൽ നിന്ന് മന്നാ വരുത്തിയ മോശയെപ്പറ്റിയായിരുന്നു അവർക്ക് അഭിമാനം. ഇവിടെ യേശു സ്വയം വെളിവാക്കി. പിതാവിന്റെ ദാനമായി സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം ഇതാ അവരുടെ കൺമുമ്പിൽ. ജീവനെ പ്രദാനം ചെയ്യുന്ന ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ എന്ന യാചനയുടെ വെളിച്ചത്തിലാണ് സാരപൂർണ്ണമായ പ്രബോധനങ്ങൾ യേശു ആരംഭിക്കുന്നത്. "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്നത് കേവലം ഉപരിപ്ലവമായ ഒരു പ്രസ്താവനയല്ല. മറിച്ച് തന്നെ പ്രാപ്യമാക്കുന്ന ഏതൊരുവനും ലഭ്യമാകുന്ന ചൈതന്യവത്തായ ജീവന്റെ മൂന്നു ദൃശ്യമാനങ്ങൾ യേശു ചൂണ്ടിക്കാട്ടുകയാണ്.

1. Satisfaction (സംതൃപ്തി) "യേശു അവരോടുപറഞ്ഞത് ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കില്ല എന്നിൽ വിശ്വസിക്കുന്നവന് ഒരു

ശേഷം 30 –ാം പേജിൽ

## നാലുവർഷത്തിനിടയിൽ ആത്മഹത്യ ചെയ്തവർ മുപ്പത്തിനാലായിരം

തിരുവനന്തപുരം:: സംസ്ഥാനത്ത് ആത്മഹത്യാനിരക്ക് കുതിച്ചുയരുന്നു. കഴിഞ്ഞ നാലുവർഷത്തിനകം കേരളത്തിൽ 34,523 പേർ ആത്മഹത്യ ചെയ്തതായി മുഖ്യമന്ത്രി ഇ. കെ. നായനാർ നിയമസഭയെ അറിയിച്ചു. അതിൽ 10,661 സ്ത്രീകളും 23,862 പുരുഷന്മാരുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1893 ബലാത്സംഗക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഞ്ച് വയസ്സിൽ താഴെയുള്ള 14 പേരും അഞ്ചിനും പന്ത്രണ്ടിനും ഇടക്കുള്ള 109 പേരും 12 നും 15നും ഇടയിലുള്ള 317 പേരും ബലാത്സംഗത്തിന് വിധേയരായി. 60 വയസ്സിന് മുകളിലുള്ള 12 പേരും ഇതിനിരയായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## പ്രസിദ്ധീകരിച്ചു

കോട്ടയം: ഡോ.പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ദർശനങ്ങളെക്കുറിച്ചുള്ള പഠനഗ്രന്ഥമായ 'ജ്ഞാനത്തിന്റെ ഗ്രിഗോറിയൻപർവ്വം' പ്രസിദ്ധീകരിച്ചു. ഫാ. റ്റി. പി. ഏലിയാസ് എഡിറ്റു ചെയ്ത ഈ ഗ്രന്ഥത്തിന്റെ പ്രസാധകർ കോട്ടയം സോഫിയാ ബുക്സാണ്.

## ഡോക്ടറേറ്റ് നേടി

മുംബയ്: ഭദ്രാസന മർത്തമറിയം സമാജത്തിന്റെ സഹവൈസ് പ്രസിഡന്റായ ശ്രീമതി സൂസി മാത്യു, മുംബയ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടി.

## "മാതൃക കാട്ടിയ മഹായിടവക"

റൂർക്കല: സ്കൂൾ നടത്തിപ്പിന്റെ അധികാരത്തെ ചൊല്ലി ഇടവകക്കാരും, ഭദ്രാസനവും തമ്മിൽ പലയിടത്തും അഭിപ്രായ ഭിന്നതകൾ നിലനിൽക്കേ പുതിയൊരു മാർഗ്ഗം കാട്ടി റൂർക്കല സെന്റ് പോൾസ് ഇടവക. ഇടവകയുടെ മാനേജ്മെന്റിൽ നടത്തപ്പെട്ടിരുന്ന എം. ജി. എം. ഹയർസെക്കണ്ടറി സ്ക്കൂൾ കൽക്കട്ടാ ഭദ്രാസന മാനേജ്മെന്റിലേക്ക് വിട്ടുകൊടുത്തു.

മെത്രാഭിഷേക രജതജൂബിലിയാഘോഷിക്കുന്ന ഡോ. സ്തേഫാനോസ് മാർ തേവോദോസ്യസ് മെത്രാപ്പാലീത്തായ്ക്ക് ഇടവകയുടെ ഉപഹാരം ട്രസ്റ്റി ശ്രീ. വി. റ്റി. ഫിലിപ്പ് സെക്രട്ടറി ശ്രീ. സി. എം. ജോൺ എന്നിവർ ചേർന്ന് നൽകി. സ്വീകരണ സമ്മേളനത്തിൽ സഭാ മാനേജിംഗ് കമ്മറ്റിയോഗം ഫാ. കുര്യൻ ഏബ്രഹാം . സി. റ്റി ടൈയിറ്റസ്, ടി. എം. വർഗീസ്, ടി. എം. ചാക്കോ, ശ്രീമതി കെ. എം. മാണി എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി ഫാ. സജി മാത്യു സ്വാഗതവും ശ്രീ പി. ഇ. മാത്യു കൃതജ്ഞതയും പറഞ്ഞു. റൂർക്കല സഭയ്ക്ക് മുഴുവനായി മാതൃക കാട്ടിയ മഹായിടവകയാണെന്നും ഇടവക ഭദ്രാസനത്തിനു നൽകിയ സ്കൂളിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് തന്നാലാവത് ചെയ്യുമെന്നും മറുപടി പ്രസംഗത്തിൽ മെത്രാപ്പോലീത്താ സൂചിപ്പിച്ചു.

## ഐക്യത്തിന്റെ നാന്ദികൾ

**കോട്ടയം മെയ് 13:** നൂറ്റാണ്ടുകളായി വിഘടിച്ചു നിൽക്കുന്ന ക്രൈസ്തവസഭകൾ വൈരുദ്ധ്യത്തിന്റെ വേലിക്കെട്ടുകൽ പൊളിച്ച് ഒരേ സ്ഥലത്ത് ഒന്നിച്ചു കൂടി. മഹാജൂബിലി സംഗമം കേരള സഭാചരിത്രത്തിൽ എഴുതി ചേർക്കേണ്ട നിസ്തുല രേഖയാണ്.

ഒരേ രഥത്തിൽ പൂട്ടിയ രണ്ട് കുതിരകൾ വ്യത്യസ്ഥ ദിശകളിലേക്ക് കുതിച്ചാൽ അത് അപകടകരമായി തീരും. ദൈവഹിതത്തിനെതിരായി പ്രവർത്തിച്ച ആദിമാതാപിതാക്കളെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കിയ ദൈവം നമ്മോടുകുടെയുണ്ട്. ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ. കാതോലിക്കാ ബാവാ പറഞ്ഞു.

ക്രിസ്തുനാഥന്റെ താൽപര്യമാണ് ഈ സംഗമത്തിലൂടെ സാക്ഷാത്കരിക്കുന്നതെന്ന് അദ്ധ്യക്ഷപ്രസംഗം നടത്തിയ മേജർ ബിഷപ്പ് മാർ വർക്കി വിതയത്തിൽ പറഞ്ഞു.

ജനബാഹുല്യം പുകഴ്ത്തപ്പെടേണ്ടതല്ലെങ്കിലും മേൽപ്പട്ടക്കാരുടെ കൂടി വരവ് ശ്രദ്ധേയമാണ്. ഒരു വേദിയിൽ ഇത്രയും ബിഷപ്പുമാർ അണിനിരന്നത് ഒരു പക്ഷേ ആദ്യ സംഭവമാകാം.



Fr. Philip Kuruvilla (B.A Hons, B.D, Mth. Oxford) having completed 5 years as Dean of Administration/Bursar of St. Thomas Orthodox Theological Seminary, Nagpur, has resigned and joined the NCCI in Nagpur as the head of the newly formed "India Watch" Desk with effect from 1- 6 - 2000.



### തിരഞ്ഞെടുക്കപ്പെട്ടു

തൃശൂരിൽ വച്ച് ഏപ്രിൽ 8–9 തീയതികളിൽ നടന്ന ലയൺസ് ക്ളബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 324 ഇ2 (ഉത്തരകേരളം) കൺവൻഷനിൽ ലയൻ പ്രൊഫ: വർഗ്ഗീസ് വൈദ്യൻ പി. 2000–2001 വർഷത്തെ ഡിസ്ട്രിക്ട് ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു.

സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിൽ രസതന്ത്ര വിഭാഗം അദ്ധ്യാപകനാണ്. 1991–ൽ ജേസീസിന്റെ സംസ്ഥാന പ്രസിഡന്റായും, 1994–ൽ ഇന്ത്യൻ ജൂനിയർ ചേംബർ ദേശീയ വൈസ് പ്രസിഡന്റായും സേവനമനുഷ്ടിച്ചിട്ടുണ്ട്.





# സഭയ്ക്ക് 48 കോടിയുടെ ബജറ്റ്

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയുടെ ഒരു യോഗം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ വച്ച് കൂടുകയുണ്ടായി.

മേൽപ്പട്ടക്കാരും,വൈദികരും, അയ്മേനികളും ഉൾപ്പെടെ മൊത്തം 140 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.

ബജറ്റ്: സമുദായ സെക്രട്ടറി ശ്രീ. എ. കെ. തോമസ് അവതരിപ്പിച്ച 2000–2001–ലെ സമുദായ വരവു ചെലവുകളുടെ ബജറ്റ്, യോഗം ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി.

എ; ബി; സി; ഡി എന്നിങ്ങനെ നാല് ഷെഡ്യൂളുകളിലായി മൊത്തം 48 കോടി രൂപായുടെ ബജറ്റാണ് സഭ പാസ്സാക്കിയിട്ടുള്ളത്.

**എ. ഷെഡ്യൂൾ** മാനേജിംഗ് കമ്മറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നത് – 459 ലക്ഷം.

**ബി. ഷെഡ്യൂൾ** പ്. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലും, മേൽനോട്ടത്തിലും നടത്തപ്പെടുന്ന ആദ്ധ്യാത്മിക സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും– 2275 ലക്ഷം.

**സി. ഷെഡ്യൂൾ** സഭയുടെ ഉടമസ്ഥതയിൽ സ്വയംഭരണ സംവിധാനമുള്ള സ്ഥാപനങ്ങൾ – 1438 ലക്ഷം.

ഡി. ഷെഡ്യൂൾ മെത്രാസനങ്ങളുടെയും അവയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും – 638 ലക്ഷം.

എ. ഷെഡ്യൂളിൽ പെട്ട ഇനങ്ങൾ പ്രത്യേകം വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കകയുണ്ടായി. അതിൽ ജനറൽ അക്കൗണ്ട്, കാതോലിക്കാ ദിനപ്പിരിവ് എന്നിവയാണ് പ്രധാനം. ജനറൽ അക്കൗണ്ട്; കാതോലിക്കാദിനപ്പിരിവ് എന്നിവയാണ് പ്രധാനം. ജനറൽ അക്കൗണ്ടിൽ താഴെപറയുന്നവ പ്രത്യേകം ശ്രദ്ധഅർഹിക്കുന്നു.

ദേവലോകത്ത് – പുതിയ സെൻട്രൽ സെക്രട്ടറിയേറ്റ്. കാതോലിക്കേറ്റ് അരമന ആർച്ച് എന്നിവയ്ക്ക് 19 ലക്ഷം.

എം. ഡി. സെമിനാരി – ബസ്സേലിയോസ് സെന്റർ – 50 ലക്ഷം.

കോട്ടയത്ത് – പബ്ലിക് സ്ക്കൂൾ – 25 ലക്ഷം

വൈദിക ക്ഷേമനിധി – 25 ലക്ഷം

വൈദിക ശമ്പള പരിഷ്കരണം – 25 ലക്ഷം

പഴയസെമിനാരി–സ്മൃതി സമുച്ചയം – 10 ലക്ഷം

കൂടാതെ പഴയസെമിനാരി; വെട്ടിക്കൽ ദയറാ, വള്ളിക്കാട് ദയറാ; പാമ്പാക്കുട ഒന്നാം കാതോലിക്കായുടെ കബറിടം; കുണ്ടറ സെമിനാരി; കോട്ടയത്തും. നാഗ്പൂരിലും ഉള്ള വൈദിക സെമിനാരികൾ; കോട്ടയം, തിരുവന്തപുരം, കോഴിക്കോട് എന്നിവടങ്ങളിൽ മെഡിക്കൽ കോളജ് കളോട് അനുബന്ധിച്ച ഗൈഡൻസ് സെന്ററുകൽ; നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ, ആങ്ങമൂഴി സെന്റ് തോമസ് സെന്റർ എന്നിവയ്ക്കെല്ലാം ഗ്രാന്റുകൾ അനുവദിച്ചിട്ടുണ്ട്.

വിവിധ ആശുപത്രികളുടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർ ത്തനം മെച്ചപ്പെടുത്തുവാൻ തുക അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് "സിവിൽ സർവീസ് അക്കാഡമി" കോട്ടയത്ത് "മാനവ വികസന കേന്ദ്രം" എന്നിവക്കും ഗ്രാന്റുകൾ നൽകുന്നതാണ്.

കാതോലിക്കാ ദിനപ്പിരിവ് ഈ വർഷം മെച്ചപ്പെടുത്തുന്നതും അതിൽ നിന്നും ലഭിക്കുന്ന തുകയിൽ മൊത്തം 36 ലക്ഷം മെത്രാസന തലത്തിലും, അവികസിത പള്ളികൾക്കും വേണ്ടി ചെലവഴിക്കുന്നതാണ്.

സഭയുടെ കേന്ദ്ര ഓഫീസ്, മെത്രാസന കേന്ദ്രങ്ങൾ എന്നിവകൾ ആധുനിക രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന് തുക കൊള്ളിച്ചിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ:**

ഭവനനിർമ്മാണ സഹായ പദ്ധതി വീടില്ലാത്ത ഏവർക്കും വീട് എന്ന ലക്ഷ്യം മുൻ നിർത്തി ഈ പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് കേന്ദ്രവിഹിതമായ 17 ലക്ഷം രൂപാ അനുവദിച്ചു. മെത്രാസനങ്ങളുടെയും അതത് ഇടവകകളുടെയും സഹകരണത്തിൽ മൊത്തം 80 ലക്ഷം രൂപായുടെ പണി ഈ സാമ്പത്തിക വർഷം നടത്തുന്നതാണ്.

വിവാഹ സഹായ പദ്ധതി: സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ധനസഹായം നൽകുവാൻ 19 ലക്ഷം രൂപാ കേന്ദ്രഫണ്ടിൽ നിന്നും നൽകുന്നതാണ്. വിവിധ ഇടവകകളുടെ സഹായത്തോടുകുടി മൊത്തം 40 ലക്ഷം രൂപാ ഈ ഇനത്തിൽ ചെലവിടുന്നതാണ്.

ഒറീസ്സായിൽ "കലഹണ്ടി" ഡവലപ്പ്മെന്റ് പ്രൊജക്റ്റിന് ഈ വർഷം 43 ലക്ഷം രൂപായും ബന്ധപ്പെട്ട ആശുപത്രികളുടെ പ്രവർത്തനത്തിന് 25 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

മദ്ധ്യപ്രദേശ്, ബീഹാർ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും ഇതുപോലുള്ള പല സ്ഥാപനങ്ങൾക്കും തുക കൊള്ളിച്ചിട്ടുണ്ട്.

ഒറീസ്സായിൽ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭവനം നിർമ്മിച്ചു നൽകുന്നതും മറ്റു ആവശ്യങ്ങൾക്കും– കുട്ടികളുടെ പുനരധിവാസം, വൈദ്യസഹായം– എന്നിവകൾക്കും കൂടി മൊത്തം ഒരു കോടി രൂപാ ചെലവഴിക്കുന്നുണ്ട്.

പുതുക്കി പണിയുന്ന പരുമല പള്ളിയുടെ പണി ഈ വർഷം പൂർത്തിയാക്കുന്നതിന് 60 ലക്ഷം രൂപ പരുമല സെമിനാരി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാഗ്പൂർ – വൈദിക സെമിനാരി കെട്ടിടം പണിക്ക് 60 ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ട്.

**II അനുശോചനങ്ങൾ**

കർദിനാൾ മാർ ആന്റണി

# ബൈബിൾ പഠനം

ഫാ. ഒ. പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻ കുരിശ്, കൊച്ചി 682308

## യോഹന്നാന്റെ ഒന്നാം ലേഖനം

### ചോദ്യം

1. ഈ ലേഖനങ്ങളുടെ കർക്കാവ് ആരാണന്നാണ് പിതാക്കന്മാരുടെ അഭിപ്രായം?

2. ആർക്കെഴുതിയതാണ് ഈ ലേഖനങ്ങൾ?

3. ഈ ലേഖനങ്ങൾ എവിടെ വച്ചെഴുതിയ എന്നാണ് പാരമ്പര്യം?

4. 1:1 ൽ 'ആദിമുതലുള്ളത്'– എന്നവാക്ക് എന്തിനെ സുചിപ്പിക്കുന്നു.?

5. കേട്ടതും കണ്ടതും നോക്കിയതും തൊട്ടതും എന്നീ പ്രയോഗങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

6. മനുഷ്യർക്ക് കൂട്ടായ്മ ഉണ്ടാകേണ്ടത് ആരോടൊക്കെയാണ്?

7. കൂട്ടായ്മയിലൂടെ നേടുന്ന അനുഭവം എന്താണ്?

8. ഞങ്ങൾ നിങ്ങളോട് അറിയിക്കുന്ന ദുത് എന്താണ്?

9. സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നത് എന്തുകൊണ്ടാണ്?

10. സത്യകുമ്പസാരം (പാപങ്ങളുടെ ഏറ്റുപറച്ചിൽ) ആവശ്യമെന്നു പറയുന്ന വാക്യം കുറിക്കുക.

### കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ.

1. ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെയും പരിജ്ഞാനത്താല (1:2)

2. സഹോദരന്മാരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. (1:10)

3. a. കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപം)

b. ആഗസ്റ്റ് – 6 നു

4. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിക്കുന്നതത്രേ (1:21)

5. അവർ നാശകരങ്ങളായ മതഭേതങ്ങളെ നുഴയിച്ചു തങ്ങളെ വിലക്കുവാങ്ങിയ നാഥനെ തള്ളിപറഞ്ഞു തങ്ങൾക്ക് തന്നെ ശീഘ്രനാശം വരുത്തും (2:1)

6. a. പാപം ചെയ്ത മാലാഖമാരെ ദൈവം നരകത്തിലേക്ക് തള്ളി.

b. നോഹയുടെ കാലത്ത് പ്രളയം വരുത്തി ദൈവഭയമില്ലാത്ത ജനത്തെ നശിപ്പിച്ചു.

c. സോദോഗാ മുറായിലെ ദുഷ്ടജനത്തിൽ നിന്നു ലോകത്തിനെ രക്ഷിച്ചത്.

7. a) ജലപ്രളയത്താൽ. b) തീകൊണ്ട്. (3:6,7)

8. കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ആകുന്നു. (3:8)

9. ആരും നശിച്ചു പോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ അവൻ ഇച്ചിച്ച് നിങ്ങളോട് ദീർഘ ക്ഷമ കാണിക്കുന്നതേയുള്ളു (3:9)

10. കർത്താവിൻരെ വാഗ്ദത്ത പ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു. (3:13)

മാർച്ച ലക്കത്തിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുകൾ.

1. Simi Daniel Mallassery.
2. Mrs. Alice Abraham, Anthariathu, Coimbatore-11
3. Mrs. Yasmine George, Pathaplackal, Aluva-1.
4. Mrs. Annamma Mathai, XIII/70, Netaji Road Aluva- 1.

---

പടിയറ മാനോജിംഗ് കമ്മറ്റി അംഗമായിരുന്ന വെരി. റവ. പി. ജെ. ഏബ്രഹാം കോർപ്പിസ്കോപ്പാ മുൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ശ്രീ. സി. വി. റ്റൈറ്റസ്, ശ്രീ. സി. ബി. ജോർജ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**III അനുമോദനങ്ങൾ**

1. അർമീനിയൻ ഓർത്തഡോക്സ് സഭയുട പരമാദ്ധ്യക്ഷൻ പാത്രിയർക്കാ – കാതോലിക്കോസ് പരിശുദ്ധ കരേക്കിൻ ദ്വിതീയൻ നെർസീഡിയൻ ബാവാ

2. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ

3. ഡോ. പി. സി. അലക്സാണ്ടർ; ("കാഞ്ചിപരമാചാര്യ" അവാർഡ്) എന്നിവരെ യോഗം അനുമോദിച്ചു

ക്രിസ്ത്യൻ വിവാഹ ബില്ലിൽ പൊതുവെ ഹാനികരവും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഭേദഗതികൾ മാറ്റണമെന്ന് യോഗം അധികൃതരോട് അഭ്യർത്ഥിപ്പിച്ചു.

ക്രൈസ്തവർക്കും, ക്രിസ്തീയ സ്ഥാപനങ്ങൾക്കുമെതിരെ ഇപ്പോൾ മിക്ക സംസ്ഥാനങ്ങളിലും നടക്കുന്ന വിവിധ തരത്തിലുള്ള നീയമായ ആക്രമണങ്ങൾക്കെതിരെ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും കുറ്റ വാളികൾക്കെതിരെ. ആവശ്യമായ ശിക്ഷണ നടപടികൾ എടുക്കുന്നതിനും, ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പു വരുത്തന്നതിനും, മത സൗഹാർദ്ദത നില നിർത്തുന്നതിനും യോഗം കേന്ദ്ര ഗവർമെന്റിനോട് അഭ്യർത്ഥിച്ചു.





## മാർ തേവോദോസ്യോസിന്റെ മെത്രാൻ സ്ഥാനാഭിഷേക രജതജൂബിലി ആഘോഷിച്ചു

ഭിലായ്: കൽക്കട്ടാ ഭദ്രാസനാധിപനും ഭിലായ് സെന്റ് തോമസ് മിഷൻ ഡയറക്ടറുമായ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസിന്റെ മെത്രാൻ സ്ഥാനാഭിഷേക രജത ജൂബിലി ആഘോഷിച്ചു. ഭിലായ് എം.ജി.എം. ഹോളിൽ ചേർന്ന സമ്മേളനത്തിൽ നാഷണൽകൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറി റവ. ഐപ്പ് ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ദിവ്യരചവും എളിമയും കഠിന പ്രയത്നവും ചേർന്ന തിളക്കമാർന്ന വ്യക്തിത്വമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. റായ്പുർകത്തോലിക്കാ ഇടവകയെ പ്രതിനിധീകരിച്ച് റവ. ഫാ. തോമസ്സ് വടക്കേക്കരയും റവ. സിസ്റ്റർ മരിയാ ഗാരേത്തി, ഫാ. എം. സി. ജോർജ് പ്രൊഫ. കെ. സി. മാണി, എം. കെ. ജോൺ എന്നിവരും പ്രസംഗിച്ചു. ഭിലായ് സെ. തോമസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. കെ. എം. കുര്യാക്കോസ് അഭനന്ദനപത്രം സമർപ്പിച്ചു. വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വകയായി ഹാരാർപ്പണം നടന്നു. ദൈവാശ്രയവും ദൈവകൃപയും മാത്രമാണ് തന്റെ പ്രവർത്തനത്തിനു പ്രചോദനമെന്നും ശിഷ്ടായൂസ് വടക്കേ ഇൻഡ്യയിലെ പാവപ്പെട്ട ഗ്രാമീണരുടെ ഉന്നമനത്തിന് വിനിയോഗിക്കുമെന്നും മറുപടി പ്രസംഗത്തിൽ മെത്രാപ്പോലീത്ത പ്രസ്താവിച്ചു.

### പൗരോഹിത്യ രജതജൂബിലി ആഘോഷം

മീനടം: സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങളായ കുറിയന്നൂർ റവ. ഫാ. തോമസ് ഏബ്രഹാം പല്ലാട്ടു റവ. ഫാ. പി. ഐ. വറുഗീസ് എന്നിവരുടെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങൾ മാതൃഇടവയിൽ മെയ് 9–ന് ശ്രീ ഉമ്മൻചാണ്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വെരി. റവ. പി. സി. യോഹന്നാൻ റമ്പാൻ അധ്യക്ഷനായിരുന്നു. റവ. ഫാ. പോൾ ഏബ്രഹാം, റവ. ഫാ. വറുഗീസ് വറുഗീസ്, റവ. ഫാ. പി.എം. സഖറിയ, റവ. ഫാ. ജോസഫ് കെ. മാത്യു, ശ്രീ. സി. വി. വറുഗീസ്, ശ്രീ. കെ. കെ. കുരുവിള, ശ്രീ സാബു ജേക്കബ് എന്നിവർ പ്രസംഗിച്ചു.

### റവ. സാമുവേൽ റ്റി. വറുഗീസ് ബൈബിൾ സൊസൈറ്റി സെക്രട്ടറി

കോട്ടയം: മാർത്തോമ്മാ സഭയിലെ റവ. സാമുവേൽ റ്റി. വറുഗീസ് ബൈബിൾ സൊസൈറ്റി സെക്രട്ടറിയായി ചുമതലയേറ്റു. കായംകുളം പുക്കോയിക്കൽ തോമസ് വറുഗീസ് ചെല്ലമ്മ വറുഗീസ് ദമ്പതികളുടെ പുത്രനാണ്. ഭാര്യ ഡോ. റേച്ചൽ സാമുവേൽ മക്കൾ: സ്റ്റീഫൻ, ശിമയോൻ, സൂസൻ.

### ആത്മീയ ശുശ്രൂഷ

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ അഭിമുഖ്യത്തിൽ ബിഷപ്പ് പക്കൻഹാം വാൽഷ് ടീച്ചിങ്ങ് മിഷന്റെ ഭാഗമായി ഇടുക്കി ഭദ്രാസനത്തിലെ ചെല്ലാർ കോവിൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ മെയ് 18 മുതൽ 21 വരെ തീയതികളിൽ ആത്മീയ ശുശ്രൂഷ (പാരിഷ്മിഷൻ) നടത്തപ്പെട്ടു അഭി. പൗലോസ് മാർ പക്കോമിയോസ് എപ്പിസ്കോപ്പാ ഫാ. ഡോ. എം. സി. ചെറിയാൻ, ഫാ. എം. സി. എബ്രഹാം, ഫാ. റ്റി. സി. മത്തായി, ഡീ. ബിനോജി മാത്യൂസ്, ഡീ. ഐസക്ക്, ബി. പ്രകാശ്, ഡി. കോശി വൈദ്യൻ, കോശി മാത്യു, റോണി വർഗ്ഗീസ്, ജിബു എന്നിവർ നേതൃത്വം നൽകി, ഭവന സന്ദർശനം, ബൈബിൾ ക്ലാസ്, കൗൺസലിംഗ് സുവിശേഷ പ്രസംഗം, ഗാനപരിശീലനം, കുട്ടികൾക്കുള്ള വേദപഠന ക്ലാസ്സുകൾ – കലാമത്സരങ്ങൾ എന്നിവയും നടത്തപ്പെട്ടു.

## അമേരിക്കൻ ഭദ്രാസന ഫാമിലി യൂത്തു കോൺഫറൻസ്

ന്യൂയോർക്ക്: അമേരിക്കൻ ഭദ്രാസന ഫാമിലിയൂത്തു കോൺഫറൻസ് ജൂൺ 28–ാം തീയതി മുതൽ ജൂലൈ 1–ാം തീയതി വരെ, പെൻസൽ വാനിയായിലെ, യൂണിവേഴ്സിറ്റി ഓഫ് പിറ്റ്സ്ബർഗിന്റെ കോൺഫറൻസ് സെന്റിൽ വച്ച് നടത്തപ്പെടും. അഭിവന്ദ്യ. ഡോ. ജേക്കബ് മാർ ഐറേനിയോസ്. ഡോ. സാമുവേൽ ചന്ദനപ്പള്ളി, റവ. ഫാ. ഫിലിപ്പ് ഏബ്രഹാം, ഡോ. ജോസഫ് ഇ. തോമസ് തുടങ്ങിയവർ കോൺഫറൻസിനു നേതൃത്വം നൽകും.

ഭദ്രാസന മെത്രാപ്പോലീത്ത, അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് രജിസ്ട്രേഷൻ ഉത്ഘാടനം നിർവഹിച്ചു. കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയമായ "പുതിയ ആകാശവും പുതിയ ഭൂമിയും" എന്ന വിഷയത്തെപ്പറ്റി പഠനങ്ങളും ചർച്ചകളും നടത്തപ്പെടും. മുതിർന്നവർക്കും, യുവാക്കൾക്കും, കുട്ടികൾക്കുമായി പ്രത്യേകം സമ്മേളനങ്ങളാണു നടത്തപ്പെടുക.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിലേക്കായി വിപുലമായ നാഷണൽ കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മറ്റിയും, വിവിധ സബ്കമ്മിറ്റികളും പ്രവർത്തിക്കുന്നു. ഭദ്രാസനത്തിന്റെ എല്ലാ ഇടവകയിൽ നിന്നും വികാരിമാരും ജനങ്ങളു പങ്കെടുക്കുന്ന ഈ മില്ലെനിയം കുടുംബ സംഗമ മേളക്ക് എല്ലാവരും അകമഴിഞ്ഞു സഹകരിക്കണെമെന്ന് ഇടവകമെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

റവ. ഫാ. തോമസ് പോൾ (കോ. ഓർഡിനേറ്റർ) റവ. ഡി. അജു മാത്യു (അസോസിയേറ്റ് കോ. ഓർഡിനേറ്റർ) കോരസൺ വർഗീസ് (ജനറൽ സെക്രട്ടറി) സൂസൻ വർഗീസ് (ജോ. സെക്രട്ടറി) കോശി മാത്യു (ട്രഷറർ) ജോർജ് എം. മാത്യു (ഓഫീസ് മാനേജർ), സരോജ വർഗീസ്, (സുവനീർ എഡിറ്റർ). റവ. ഫാ. എം. കെ. കുര്യാക്കോസ് (യൂത്ത്. കോഓർഡിനേറ്റർ, വിനോദ മേള) റവ. ഫാ. ഫിലിപ്പ് സി. ഏബ്രഹാം (സംഗീതം) കോര. കെ. കോര (ട്രാൻസ്പോർട്ടേഷൻ), മാത്യു ജോർജ് (സ്പോർട്ട്സ്) തുടങ്ങിയവർ അടങ്ങിയതാണ് കമ്മറ്റി.

വാർത്തകൾ

# ന്യൂനപക്ഷ കമ്മീഷന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു

ന്യൂഡൽഹി. ഉത്തർപ്രദേശിൽ ന്യൂനപക്ഷങ്ങൾക്കുനേരെ നടക്കുന്ന അക്രമങ്ങൾ സംബന്ധിച്ച് കമ്മീഷന്റെ നിഗമനങ്ങളെ പ്രമുഖ മനുഷ്യാവകാശ സംഘടനാ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും നിശിതമായി വിമർശിച്ചു.

മഥുരയിലും ആഗ്രയിലും ഝാൻസിയിലും നടന്ന അക്രമങ്ങൾക്കു പിന്നിൽ വർഗ്ഗീയ ശക്തികളല്ലെന്ന കമ്മീഷന്റെ നിഗമനം തങ്ങളെ നടുക്കിയതായി ഇവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

അക്രമം സംബന്ധിച്ച് വിവിധ സംഘടനകൾ സംയുക്തമായി തയാറാക്കിയ പഠന റിപ്പോർട്ടും അവർ പത്രസമ്മേളനത്തിൽ അവതരിപ്പിച്ചു.

കേന്ദ്രസർക്കാരുകൾ സംഭവങ്ങളുടെ നിജസ്ഥിതി തിരച്ചറിയണമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

കോട്ടയം: ദേശീയ ന്യൂനപക്ഷകമ്മീഷൻ ഭരണകക്ഷിയുടെ പോഷക സംഘടനയല്ലെന്ന് എ. കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമറ്റം ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനായുള്ള സ്വതന്ത്ര ഏജൻസിയാണ്. ന്യൂനപക്ഷ കമ്മീഷൻ ഈ സ്വതന്ത്ര സ്വഭാവം നിലനിർത്താൻ മുൻ കാലങ്ങളിൽ കമ്മീഷനു കഴിഞ്ഞിരുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

എല്ലാഗവൺമെന്റുകളും അതിനനുകൂലമായ നിലപാടാണു സ്വീകരിച്ചിരുന്നത്. എന്നാൽ, ഇപ്പോൾ ഭരണകക്ഷിയുടെ പോഷക സംഘടനയെപ്പോലെയാണു കമ്മീഷന്റെ പ്രവർത്തനം. ഇതു നിർഭാഗ്യകരമാണെന്നു കച്ചിറമറ്റം കുറ്റപ്പെടുത്തി.

ഉത്തരേന്ത്യയിൽ ക്രൈസ്തവർക്കതിരെ സംഘടിത ആക്രമണം നടക്കുന്നതായുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്ന കമ്മീഷന്റെ പ്രസ്താവന ഭരണകക്ഷിക്കുവേണ്ടി നടത്തിയതാണെന്നു മാത്രമേ കരുതാനാവൂ. ഈ പ്രസ്താവനമൂലം ന്യൂനപക്ഷ കമ്മീഷന്റെ സ്വതന്ത്ര സ്വഭാവം നഷ്ടപ്പെട്ടു. അതിൽ ജനങ്ങളുടെ വിശ്വാസവും നഷ്ടപ്പെട്ടതായി കച്ചിറമറ്റം ചൂണ്ടിക്കാട്ടി.

കോട്ടയം: ഭാരതത്തിലുടനീളം ക്രിസ്ത്യാനികൾക്കെതിരെ നടന്നുവരുന്നപീഡനങ്ങളെക്കുറിച്ചുള്ള ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നിലപാടിനെ പെന്തെക്കോസ്തൽ പ്രസ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ അപലപിച്ചു.

ക്രൈസ്തവർക്കെതിരെ ഉത്തരേന്ത്യയിൽ സംഘടിത ആക്രമണം നടക്കുന്നുവെന്ന വാർത്ത ശരിയല്ലെന്ന കമ്മീഷന്റെ വ്യാഖ്യാനം തികച്ചും അടിസ്ഥാന രഹിതമാണ് പ്രസ് അസോസിയേഷൻ പ്രമേയത്തിൽ പറയുന്നു.

ഉത്തരേന്ത്യയിൽ മാത്രമല്ല കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലും നടത്തിവരുന്ന പല അക്രമങ്ങളും വളരെ ആസൂത്രിതമാണെന്ന് പ്രമേയം വ്യക്തമാക്കി.

തൃശൂർ: ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ന്യൂനപക്ഷവിരുദ്ധ നിലപാടിനെ അപലപിക്കണമെന്നും രാഷ്ട്രീയ ലക്ഷ്യങ്ങളെ തുറന്നുകാട്ടണമെന്നും ബിഷപ് ഡോ. പൗലോസ് മാർ പൗലോസ് ട്രസ്റ്റ് അധ്യക്ഷൻ പ്രഫ. നൈനാൻ കോശിയും സെക്രട്ടറി യൂഹാനോൻ മാർ മിലിത്തിയോസും ജനാധിപത്യ വിശ്വാസികളോട് അഭ്യർത്ഥിച്ചു.

ഉത്തരേന്ത്യയിൽ നടക്കുന്ന എല്ലാ ആക്രമങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും ക്രമസമാധാന പ്രശ്നങ്ങളാണെന്നു പറയാൻ കമ്മീഷന്റെ ആവശ്യമില്ല. ആക്രമങ്ങൾ എല്ലാം പ്രത്യേക മത ന്യൂനപക്ഷത്തിന് എതിരെയാണ്. ന്യൂനപക്ഷങ്ങൽക്കെതിരെ സംഘ പരിവാർ നടത്തുന്ന പ്രചാരണത്തിന്റെ പശ്ചാത്തലത്തിൽ ഇവയെ കാണേണ്ടതുമാണ്.

അന്വേഷണം നടത്താതെ പൊലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നടത്തിയ പ്രസ്താവനകൾ വസ്തുതകൾ മറച്ചു പിടിച്ച്ആരെയോ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന് അവർ ചൂണ്ടിക്കാട്ടി.

ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള ആക്രമങ്ങൽ വർദ്ധിച്ചു വരുന്നതിൽ ചങ്ങനാശ്ശേരി അതിരൂപത ഉത്കണ്ഠ രേഖപ്പെടുത്തി. ഉത്തർപ്രദേശിൽ ഝാൻസിയിലും ഗുജരാത്തിയിലെ ഡാംഗസിലും കഴിഞ്ഞ ദിവസം ദിവ്യകാരുണ്യത്തിനും കന്യാസ്ത്രീകൾക്കും നേരെയുണ്ടായ ആക്രമണങ്ങളിൽ ആഴമായ ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തി.

ന്യൂനപക്ഷ കമ്മീഷൻ നൽകിയ വിശദീകരണങ്ങളുടെ മറവിൽ ഇത്തരം പ്രവർത്തനങ്ങളെ നിസ്സാരമായി കാണുവാൻ ശ്രമിക്കുന്നത് ഗുരുതരമായ അവകാശാലംഘനമാണെന്ന് അതിരൂപത കുറ്റപ്പെടുത്തി.

സ്ത്രീകളോടുള്ള ആദരവ്, മതേതരത്വം തുടങ്ങിയവയോടുള്ള കടന്നാക്രമണമായിട്ട് സഭ കണക്കാക്കുന്നു. ഇത്തരം പ്രവണതകളുടെ ലക്ഷ്യത്തിന്റെ ഗൗരവം കണ്ടറിഞ്ഞ് അവയെ മുളയിലെ നുള്ളുവാനുള്ള ദേശസ്നേഹവും ആത്മാർത്ഥതയും ഭരണാധികാരികൾ കാണിക്കണം. എന്ന് അതിരൂപതാ പബ്ലിക്റിലേഷൻസ് പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു.

## യൂണിറ്റ് രൂപീകരിച്ചു

നിരണം ഭദ്രാസനത്തിൽ വള്ളമല സെന്റ് മേരീസ് സെഹിയോൻ ഓർത്തഡോക്സ് പള്ളിയിൽ MGOCSM യൂണിറ്റ് രൂപീകരിച്ചു വികാരി ഫാ. കെ. വി. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗ് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. എ. സി. ചെറിയാൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഫാ. കെ. വി. ജോൺ, വൈസ് പ്രസിഡന്റ് പ്രൊഫ. പി. സി. വർഗ്ഗീസ്, സെക്രട്ടറിമാരായി ഷിബു ജോൺ, നിഷാ ആനി ഏബ്രഹാം. ജോയിന്റ് സെക്രട്ടറിമാരായി ലിജു തോമസ്, ഷീല എന്നിവരെയും തിരഞ്ഞെടുത്തു

കോട്ടയം ഭദ്രാസനത്തിൽ കനകപ്പലം സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ യൂണിറ്റ്, പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ ഉത്ഘാടനം ചെയ്തു.



പുസ്തകാസ്വാദനം

# യെരുശലേമിലേക്ക് ഒരു സഫല യാത്ര

**ഫാ. സി. സി. ചെറിയാൻ & കെ. എം. അൻഡ്രൂസ്**

യെരുശലേം ഉൾപ്പെട്ട വിശുദ്ധനാട്ടിലേക്ക് ഒരു തീർത്ഥയാത്ര പലരുടെയും സ്വപ്നമോ സങ്കല്പമോ മാത്രമാണ്. എന്നാൽ ചുരുക്കം ചിലർക്ക് അത് സഫലമാകും. സഫലമാകുന്നതിൽ ചുരുക്കം ചിലർക്ക് ആ തീർഥയാത്ര 'സഫലയാത്ര' യായി പരിണമിക്കുന്നു; കാരണം ആ യാത്ര, അവർക്കും മറ്റുള്ളവർക്കും ഫലപ്രദമായിത്തീരുന്നു. പരിശുദ്ധനായ പരുമലതിരുമേനിയും, പുലിക്കോട്ടിൽ തിരുമേനിയും, ചെറിയമഠത്തിൽ സ്കറിയാമല്പാനും ഒക്കെ വിശുദ്ധനാട് യാത്രാവിവരണങ്ങൾ നൽകി തങ്ങളുടെ യാത്രയെ സഫലമാക്കിയവരാണ്. ആ പാരമ്പര്യത്തിലെ സമകാലീന കണ്ണികളാണ് ഫാ. സി. സി. ചെറിയാനും ശ്രീ. കെ. എം. ആൻഡ്രൂസും. തങ്ങളുടെ വിശുദ്ധനാടു സന്ദർശനം, മറ്റുള്ളവർക്കും ഒരനുഭവവും ഒരറിവും ആയി രൂപാന്തരപ്പെടുത്തുവാനുള്ള ആത്മാർത്ഥമായ ആഗ്രഹം നൂറു ശതമാനം സഫലമാക്കിയ മഹത്ഗ്രന്ഥമാണ്, "യെരുശലേമിലേക്ക് ഒരു സഫലയാത്ര."

ഈ ഗ്രന്ഥത്തിന്റെ ഒന്നാമത്തെ പ്രത്യേകത, ഇത് വെറുമൊരു യാത്രാവിവരണമല്ല എന്നതാണ്. വിശുദ്ധനാടിന്റെ പുരാതനവും ആധുനികവുമായ ചരിത്രപശ്ചാത്തലത്തെ മനസിലാക്കിക്കൊണ്ട്, "സുവിശേഷ ഭാഗങ്ങളിൽ സ്വർഗ്ഗീയതേജസ്സോടെ വിളങ്ങുന്ന യേശുവിനെ അതാതു സ്ഥലങ്ങളിൽ ഒരു ഭക്തന് സ്വയം കണ്ട് മുട്ടുന്ന അനുഭവം" സംവേദിപ്പിക്കുന്ന ലക്ഷ്യത്തോടെ ഈ ഗ്രന്ഥം സജ്ജീകരിച്ചിരിക്കുന്നു എന്നതാണ് ഇതിന്റെ അനുപമ ഭംഗി. ഇസ്രായേൽ, യേശുവിന്റെ സ്വന്തം നാടും, ഭൂമിസ്വർഗ്ഗമാക്കപ്പെട്ട നാടും, ജനലക്ഷങ്ങൾക്ക് വാഗ്ദത്ത നാടും ആയി പരിലസിക്കപ്പെടുന്ന വസ്തുതയെ ഗലീലയിൽ തുടങ്ങി, ശമര്യ വഴി യഹൂദ്യയിലെത്തുന്ന യാത്ര തെളിയിക്കുന്നു.

ആ യാത്രയിൽ യെറിഹോയിലും, ചാവുകടൽ പ്രദേശങ്ങളിലും, ബേത്‌ലഹേമിലും, ഹെബ്രോനിലും, യെരുശലേമിലും ഒന്നുവേറേ തന്നെ. സർവ്വത്തിന്റെയും പരിസമാപ്തി, യേശുവിനോടൊപ്പം ബഥാന്യയിൽ നിന്നാരംഭിച്ച് തന്റെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും സാക്ഷികളായിത്തീരുന്ന ഒരു സ്വർഗ്ഗീയാനുഭവമാണ്. ആകെക്കൂടെ, ഈ ഗ്രന്ഥം ഒരു അനുഭൂതിദായകമാണ്. അത് "വിശ്വാസസ്ഥിരതയിലേക്ക്, സമർപ്പണ ജീവിതത്തിലേക്ക്, സാക്ഷ്യപാതയിലേക്ക്, നിത്യജീവനിലേക്ക്" കൈപിടിച്ചു നടത്താൻ പര്യാപ്തമായിരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. ഇതു വായിക്കുന്ന ആർക്കും, ഒരു മധുരവും ദിവ്യവുമായ സംതൃപ്തി ഉറപ്പ്. ഗ്രന്ഥകർത്താക്കൾക്ക് നന്ദി, അഭിനന്ദനങ്ങൾ

**- ഫാ. ജേക്കബ് കുര്യൻ**

പത്രാധിപർക്കുള്ള കത്ത്

# വി. കുർബാനയ്ക്കുള്ള വില നിർണ്ണയം

സർ,

ഇടവകപള്ളിയുടെ വികസനത്തിനുള്ള ധനാഗമനമാർഗ്ഗമായി പല പരിപാടികളും പണ്ടേ ആസൂത്രണം ചെയ്ത കൂട്ടത്തിൽ പെട്ടതാണ് വി. കുർബ്ബാനയ്ക്കുള്ള ചാർജ്ജിടീൽ. ഓരോ പള്ളിക്കാരും ഓരോരീതിയിൽ ചാർജു ചുമത്തുന്നു. നേർച്ചക്കുർബാന, ചാത്തക്കുർബ്ബാനാ എന്നിങ്ങനെ പല പേരിൽ വി. കുർബാന ചൊല്ലിക്കുന്നത് ഒരു പുണ്യകർമ്മമായി നമ്മൾ വിശ്വസിക്കുന്നു. അത് ആത്മാർത്ഥതയോടു കൂടി നടത്തുന്നെങ്കിൽ അതിന്റെ ഫലം ലഭിക്കും. പക്ഷേ ഒരുനിശ്ചിത തുകയിൽ ഒതുങ്ങിപ്പോകുമ്പോൾ അതിന്റെ ആത്മീയത വികലമാകുന്നു. രണ്ടു രൂപാ, അഞ്ചു രൂപാ എന്നിങ്ങനെ കൂടുകളുടെ എണ്ണത്തിൽ ആ പുണ്യകർമ്മം തരം താഴ്ന്നു. എന്നാൽ വിശ്വസിക്കുന്ന ആർക്കും വി. കുർബാന ചൊല്ലിക്കുന്നതിന് (പണം കൊടുക്കാതെ) സാധിക്കത്തക്കവിധത്തിൽ ക്രമീകരിക്കേണ്ടതാണ്. വി. കുർബാനയിൽ പേരുകൾ ഓർത്തുപ്രാർത്ഥിക്കുകയാണല്ലോ ചെയ്യുന്നത്. അതിന് ഒരു ചാർജ് ചുമത്തി ആ കൂദാശയുടെ മഹിമ കളഞ്ഞു കുളിക്കണോ? പള്ളികളുടെ വരുമാനം നേർച്ചയായിട്ടോ, സംഭാവനയായിട്ടോ, മാസവരിയായിട്ടോ ക്രമീകരിക്കുന്നതിൽ തെറ്റില്ല. ഒരു വ്യക്തി വ്യക്തിപരമായി വി. കുർബാന ചൊല്ലിക്കുന്നതിനു ഒരു കാർമ്മീകനെ നിയോഗിക്കുമ്പോൾ ആ കാർമ്മീകന് അലവൻസ് സംഭാവനയായി കൊടുത്തു കൊണ്ട് നിശ്ചിത തുകയിൽ ഒതുക്കാതെ ഓരോരുത്തരുടെയും ഹിതത്തിനു വിട്ടുകൊടുത്തുകൊണ്ട് ഒരു സമർപ്പണതുകയായി സ്വീകരിക്കുന്നത് നല്ലതല്ലേ? വിലയിടുന്ന രീതി മാറ്റുന്നത് ആ പവിത്രകർമ്മത്തിനു നാം കൊടുക്കുന്ന മഹത്വമായിരിക്കും. ചാർജ്ജ് നിർണ്ണയം പ്രാകൃതമല്ലേ?

**- വറുഗീസ് കിഴക്കേമുറി**

കവിത

# മറിയാം പറഞ്ഞത്

**കെ. സി. അലക്സാണ്ടർ, പുനലൂർ**

കീർത്തിക്കും ഞാൻ നാഥന്റെ
വലുതാം മഹിമയതെപ്പോഴും
മോദിക്കും ഞാൻ രക്ഷകനിൽ.
നടക്കുക, കരുതും ഇന്നുമുതൽ
ധന്യയതായിട്ടെന്നാളും.
ദാസിയതായോരേഴയെയും
പാർത്തല്ലൊ തൻ നാമം
ശുദ്ധം. പരിശുദ്ധനവൻ നൂനം
പമേശൻ താൻ പാതയിൽ
പോയിടുന്നോർക്കേകീടും
വലുതാം നന്മകളനവധിയായ്
തലമുറതലമുറയെന്നും.
ശക്തിയെഴുന്നൊരു ബാഹുവതാൽ
ചെയ്തവൻ. ഏകി വൻ കാര്യം.
'ഞാൻ' എന്നകമേ ഭാവിക്കും
മർത്ത്യനെ വീഴ്ത്തുമവൻ നൂനം.
അകമേ എളിമയതുള്ളോന-
ങ്ങേകീടുന്നു വൻ പദവി.
പശിയാൽ വാടുന്നോർക്കെല്ലാം
ഭോജ്യമതേകിക്കൊത്തീടും
ധനികരെ വെറുതെയയച്ചീടും
മോചനമേകും മക്കൾക്ക്
പാലിപ്പാനായ് വാഗ്ദത്തം.

വസ്ഥയിലേയ്ക്ക് കടന്നു പോകാൻ ആഗ്രഹിക്കുക. അതിന്റെ പ്രതിഫലനമാണ്. (വി. ലൂക്ക: 15:17, 18) നമ്മുടെ സത്യാന്വേഷിയിലെ നിഷേധത്തിന്റെ ആധുനികൻ പിതാവിന്റെ അടുക്കലേക്ക് യാത്രയാവാൻ കൊതിക്കുന്നത് സ്വപ്നം കാണുന്നത്.

ഉത്തരാധുനികനിലെത്തുമ്പോൾ അയാൾ ഗർഭാവസ്ഥയിൽ നിന്ന് ഭ്രൂണാവസ്ഥയിലേക്കും അവിടെ നിന്ന് ഭ്രൂണ വളർച്ചയ്ക്ക് മുമ്പിലത്തെ അവസ്ഥയിലേയ്ക്കും അവൻ തന്നെ ഉത്ഭൂതമായ ഉൺമയിലേക്ക് അഥവാ ഈശ്വരീയതയിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നു. ഇങ്ങനെയാണ് നാം ഉത്തരാധുനിക ഭ്രമങ്ങളുടെ വേലിക്കെട്ടുകളിൽ തിരിച്ച്പോക്ക് സ്വപ്നം കാണാതെ അത് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുക.

ഐഡന്റിറ്റി റദ്ദാക്കപ്പെടുന്ന ഉത്തരാധുനികതയിലെ അനുഭവം പരിശോധിക്കുമ്പോൾ നമുക്കു ഐഡന്റിറ്റിയില്ല, കാരണം നാം അരൂപിയുടെ കൃപയാൽ സ്വരൂപം നൽകപ്പെട്ടവരാണ്. അതിന് ഒരു മാതാവും പിതാവും ഈശ്വരൻ അവർക്കു നൽകിയ പ്രചോദനവും യോഗ്യതയും, അവരുടെ ആഗ്രഹത്തിന്റെ യോഗാത്മകമായ ഒന്നിക്കലിൽ അലിവോടെ അരൂപിയുടെ പ്രഭാവം അടർത്തിയിട്ട ഒരാത്മാവിന്റെ സാന്നിദ്ധ്യവും, എല്ലാം ദാനമാണ്.

സമൂഹത്തിൽ നമ്മുടെ അസ്തിത്വം ബന്ധങ്ങളാൽ പകരപ്പെടുന്നത് മാത്രമാണ് (മാതാപിതാക്കൾ, ഗുരുജനങ്ങൾ, സുഹൃദ് വലയം). ഇവിടെ നാം ദാനങ്ങളാൽ നിരന്തരം സംസ്കരിക്കപ്പെടുന്ന ഐഡന്റിറ്റിയുടെ വക്താക്കളാണ്. അങ്ങനെ നമുക്ക് ഐഡന്റിറ്റിയില്ല വിമത്തായി. 10:16 "ചെന്നായുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു" ചെന്നായുടെ നടുവിൽ ആടിന് യാതൊരു ഐഡന്റിറ്റിയുമില്ല. ഏത് നിമിഷവും ചെന്നായ്ക്കളാൽ തകർക്കപ്പെടാം. ദൈവം മനുഷ്യന് മാത്രമായി യാതൊരു ഐഡന്റിറ്റിയും കൽപ്പിക്കുന്നില്ല എന്നാൽ ചെന്നായുടെ ക്രൂരദ്രംഷ്ടകൾക്കുമുന്നിൽ ആടിന് നിലനിൽക്കാൻ വേണ്ടി അതിൽ വന്ന് നിറയുന്ന ഒരു ഈശ്വരാസ്തിത്വമുണ്ട് ഈശ്വരനുമായി ചേർന്നുള്ള അസ്തിത്വമാണ് മനുഷ്യനുള്ളത്. ഇതാണ് ഉത്താധുനികതയുടെ ആദ്ധ്യാത്മികബോധം.

"ദൈവാത്മാവ് നിലനിൽക്കുന്നമന്ദിരം" "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്" ഈ പ്രഖ്യാപനങ്ങൾക്കു പിന്നിൽ ഐഡന്റിറ്റി സ്വയം റദ്ദാക്കുന്നു, അവിടെ ഈശ്വരാസ്തിത്വം രൂപമെടുക്കുന്നു. കഥയിൽ 'അനാഥബാലനായ ആപ്പിൾ കച്ചവടക്കാരന്റെ കുട്ട മറിയുമ്പോൾ, റെയിൽവേസ്റ്റേഷനിലെ തിരക്കിനിടയിൽ പലരും ആപ്പിൾ ചവിട്ടിയരച്ച്കടന്നുപോകുന്നു. ഒരാൾ ഓടിവന്ന് കുട്ടിയെ എഴുന്നേൽപ്പിച്ചു ആപ്പിൾ പെറുക്കിക്കൊടുത്തു, കുട്ടിചോദിച്ചു "താങ്കളാണോ ക്രിസ്തു? ഇവിടെ അയാളുടെ ഐഡന്റിറ്റി റദ്ദാക്കപ്പെടുന്നു ഈശ്വരാസ്തിത്വം അയാളിലൂടെ പ്രകാശനം നടക്കുന്നു.

ആധുനികതയിൽ മനുഷ്യകേന്ദ്രീകൃതമായ ഒരു ലോകമാണ് ഉണ്ടായിരുന്നത്. ഉത്തരാധുനികതയിൽ മനുഷ്യൻ ലോകത്തിന്റെ ഭാഗം മാത്രമാകുന്നു അവിടെ ലിംഗഭേദമില്ല സർവ്വവും ഈശ്വരനാകുന്നു ഒന്നിനും ആർക്കും ഈശ്വരനിൽ നിന്ന് വേർപെട്ട് പോകാൻ കഴിയാതെ സർവ്വതിലും ഈശ്വരാസ്തിത്വം വന്ന് നിറയുന്നു ഇവിടെ പ്രപഞ്ചവും, മനുഷ്യനും, ദൈവവും ഒന്നായി തീരുന്നു ആദ്ധ്യാത്മികമായ ഒരു ലയനത്തിന്റെ അനുഭൂതി ഒരു സമാധിയുടെ അനുഭവം നമുക്കിവിടെ കണ്ടെത്താം. ധൂർത്തനായ സത്യാന്വേഷി തന്റെ യാത്രയുടെ അസ്വസ്ഥതകൾ വിട്ടെറിഞ്ഞ് പിതാവിലെ ഐഡന്റിറ്റിയെ അംഗീകരിക്കുകയും ഒപ്പം അതിന്റെ ഭാഗമാകുന്നു. പൂർണ്ണമായ നന്മയുടെ വഴി അവിടെയാണ് തുറക്കപ്പെടുക.

കൗദാശികാനുഭവത്തിൽ പുരോഹിതന് വ്യക്തിപരമായ ഐഡന്റിറ്റിയില്ല, കൗദാശികമായ പ്രതിരൂപങ്ങളും ഉപയോഗിക്കുന്ന ഉപാധികളും അനുസരിച്ച് അതിന് അർത്ഥവും മാറുന്നു (തിരുശരീരക്തങ്ങൾ എഴുന്നെള്ളിക്കുമ്പോൾ മുഖത്തിന് നേരെ ഉയർത്തിപ്പിടിക്കുന്നതും, തിരുവസ്ത്രങ്ങളണിയുന്നതും ഐഡന്റിറ്റിയുടെ റദ്ദാക്കലാണ്.)

അരക്ഷിതവസ്ഥ പുതിയ അനുഭവങ്ങളിലെല്ലാം ആക്രമിക്കുമ്പോൾ അവൻ പരിചയിച്ച സുരക്ഷിതാവസ്ഥയിലേക്ക് അവൻ തിരിച്ച് വരും. ആധുനിക ഭ്രമങ്ങളുടെ പിടിയിൽ ഉൾപ്പെട്ട മനുഷ്യന് നൻമയുടെ സുരക്ഷിതാവസ്ഥ അവന്റെ സാഹചര്യങ്ങളിൽ ലഭ്യമല്ലാത്തതിനാൽ അവൻ ആസക്തനായി നിസ്സഹായനായി അതിൽത്തന്നെ പിടഞ്ഞ് മരിക്കുന്നു.

നാം തലമുറയ്ക്ക് നൽകേണ്ട നൻമയുടെ മുത്തുകൾ (മാതാപിതാക്കളിൽ നിന്ന്, ഗുരുജനങ്ങളിൽനിന്ന്, സുഹൃദ്വലയങ്ങളിൽ നിന്ന്) നൽകാതിരുന്നാൽ അത് നമ്മുടെ ഉത്തര വാദിത്വ ലംഘനവും വരും തലമുറയുടെ നാശവും ആയിരിക്കും ഫലം.

താൻ ഇത്രയും നാൾ നേടിയതല്ലാതെ താനറിയാതെ തന്നിൽ നിറഞ്ഞ അരൂപിയുടെ സ്വരൂപമാണ് സ്ഥായിയായ സത്യമെന്ന തിരിച്ചറിവിലേക്ക് വരുന്നതോടെ കഥ പൂർണ്ണമാകുന്നു.

## ഉത്തരാധുനികതയുടെ ചില പ്രവചനങ്ങൾ

ആഗോളവത്ക്കരണം, ഉദാരവത്ക്കരണം യേശുവിന്റെ ആർക്കും ആരേയും ചൂഷണം ചെയ്യാനാകാത്ത വിധം ഉദാരമാകുന്ന അനുഭവങ്ങളിലേക്കെത്തികാനുള്ള സങ്കൽപ്പങ്ങളുടെ പ്രത്യക്ഷപ്പെടൽ, ഉപഭോഗ സംസ്കൃതി ചോദ്യം ചെയ്യപ്പെടുന്നത്, മസനോബുഫുക്കുവോക്കയുടെ പ്രകൃതിയിലെ സ്വാഭാവികകൃഷി രീതിയിലേക്ക് മടങ്ങൾ, നിരായുധീകരണത്തിനായുള്ള നിലവിളി, പരിസ്ഥിതിയോടുല്ള പ്രതിബന്ധത, സുഗതകുമാരിയുടെ വനസംരക്ഷണ യജ്ഞങ്ങൾ, നർമ്മദാ ജനകീയ മുന്നേറ്റം ഇവയൊക്കെ സത്യാന്വേഷിയിലെ തിരിച്ച് വരവ് പോലെ നമ്മിൽ പ്രകടമാകുന്ന തിരിച്ച് വരവിന്റെ ശംഖ്ധ്വനികളാണ് മുഴക്കുന്നത്. ■

Ph. 0479-451920
എണ്ണഛായ ചിത്രമെഴുത്ത്
ആർട്ടിസ്റ്റ് ജോസഫ് എ. വി.
(പോസ്റ്റ് ഡിപ്ലോമ)
INA Publicity
Koodathil House, Perissery P. O., Chengannoor



# THE TORTURED

**... Manappuram**



Inhumanity of man is as old as Cain
But this is the bloodiest century of pain:
A billion people killed by the human race
By diverse methods of, fast and slow pace.

O tomentor whom are you torturing
It's none but your own sibling.
Yet you act like devil - possessed
With great sadistic pleasure obsessed.

You torture to extract a confession
Of crime not committed,
To reveal facts not known,
Or for the beliefs one holds.

you torture to break one's spirit
And destroy his self-worth and merit
Causing worst pain, when made to feel ashamed
And guilty, of false charges framed.

You have developed queer techniques
To cause extreme pain without visible wound
Not allowing your victim to die and end
Even engaging a doctor for the same end!

Oh, the headaches that felt like thousand spikes
Driven deep into the skull, and the nightmares
That jolt one into shrieking wakefulness
And electric shocks surging through the ears.

Yet there are some that bear the torture
With peace and calm they can nurture
Identifying themselves with the suffering Christ
Lowly and meek on the Calvary cross.

Hark, you hard - hearted men of the world
You are again crucifying the Lord
When you torture even the least of your brothers
And you surely need His pardon.

I, for one, expect a revolution
In moral and spiritual evolution
When love and coorparation, displace war and torture
When human kindness flows without measure.

**Matrimonial**

Beautiful Convent Educated, M.com, Running Coaching Classes for English Medium Children Slightly handicaped girl (28/152 c.m white, slim) Madhya Pradesh - Jabalpur based, proposals invited from the parents of boys who have own buisiness/job in Govt./Reputed firms.

**Box No. 251**
**Malankara Sabha**
**Devalokam**
**Kottayam - 686038**

*With Best compliments from*



P. J. GEORGE & FAMILY

2, Pankaj Hsg. Society

Vakola - Bridge

SanthaCruz (E), Mumbai - 400055

***With Best Compliments From***



*A. C. Mathai & Family*

A-4, Golden Pebbler,

Sunder Nagar, Kalina

SanthaCruz, Mumbai - 98



# നോമ്പും ഉപവാസവും: തിരുവചനാടിസ്ഥാനത്തിൽ ഒരു പഠനം

**കെ. എം. ആൻഡ്രുസ്, വാകത്താനം**

**നോമ്പും** ഉപവാസവും വളരെ പ്രാധാന്യമുള്ള അനുഷ്ഠാനങ്ങളായി എല്ലാ മത വിഭാഗങ്ങളും കരുതുന്നു. എന്നാൽ വ്യക്തിപരമായി, കുടുംബമായി, സമൂഹമായി നോമ്പ് ആചരിച്ച്, അതിൽ നിന്നും ആത്മീയ ഫലം കൊയ്യുന്ന ആളുകളുടെ എണ്ണം കുറഞ്ഞു വരികയാണ് എന്ന് ചിന്തിക്കുമ്പോൾ; അത് ഈ കാലഘട്ടത്തിന്റെ തിന്മയിലേക്കുള്ള ആകർഷണത്തെ ശക്തിയോടെ യാണ് സൂചിപ്പിക്കുന്നത്.

ഭാരതത്തിന്റെ പൂർവ്വ ചരിത്രത്തിൽ വളരെ തേജസ്വികളായ സന്യാസ ശ്രേഷ്ഠന്മാരെ കാണാൻ കഴിയും. ക്രൈസ്തവ ചരിത്രത്തിന്റെ ആരംഭ നൂറ്റാണ്ടുകളിലേക്കു കടന്ന് നോക്കിയാൽ, ലോക മോഹങ്ങൾ വെടിഞ്ഞ് സൃഷ്ടിതാവായ ദൈവവുമായി അഭേദ്യമായ ബന്ധം സ്ഥാപിച്ച് ജീവിച്ചിരുന്ന അനേകം തേജസ്വികളെ കണ്ടെത്താൻ കഴിയും. ലൗകീക ജീവിതത്തിലെ നീർപ്പോള സമാനമായ നേട്ടങ്ങൾ വെറും, ചപ്പും ചവറുമായി കരുതി, അനന്ത സ്നേഹമായ സൃഷ്ടിതാവുമായുള്ള നിരന്തര സമ്പർക്കം ജീവിത സമ്പാദ്യമായി പരിഗണിച്ച്, സ്വയം കത്തി ഉരുകി, ആ അനന്ത കാരുണ്യമായതിൽവിലയം പ്രാപിച്ചവരാണ് അവർ. വി. അന്തോനിയോസ്സ്, വി. ഐറേനിയസ്സ്, വി. അപ്രേം, മുതലായ സഭാ പിതാക്കന്മാരുടെ പേരുകൾ ആയിരങ്ങളിൽ ഏതാനും മാത്രം.

''മനുഷ്യ ജീവിതം സമ്പത്തു കൊണ്ടു ധന്യമാകുന്നില്ല", "ദൈവഭക്തിയും ജ്ഞാനവും ദൈവം നൽകുന്ന നൽവരങ്ങളാകുന്നു, സമ്പത്താകുന്നു" തുടങ്ങിയ ചിന്തകൾ അവരുടെ ജീവിതത്തെ ഭരിച്ചതിനാൽ അവർ എന്നും ശ്രേഷ്ഠന്മാരുടെ ഗണത്തിൽ സ്മരിക്കപ്പെടുന്നു.

ഈ ചിന്താശകലത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് വലിയ നോമ്പിനെപ്പറ്റി പൊതുവായും ഉപവാസ ആചരണത്തെപ്പറ്റി പ്രത്യേകമായും ചിന്തിക്കാം. ദൈവത്തോടു കൂടെയുള്ള വാസമാണ് 'ഉപവാസം'. ഫലത്തിൽ നോമ്പും അതു തന്നെ.

**40 ദിനങ്ങളുടെ പ്രാധാന്യം:**

വലിയ നോമ്പിനെ - അമ്പതുനോമ്പിനെ ആദിമ ക്രൈസ്തവ സഭയിൽ ഒരു വാർഷിക ധ്യാനമായിട്ടാണ് കരുതപ്പെട്ടിരുന്നത്. "പരിശുദ്ധവും പരിപാവനവുമായ നാൽപ്പതു ദിവസങ്ങൾ" എന്നും ഈ നോമ്പ് അറിയപ്പെട്ടിരുന്നു. പെസഹാ രഹസ്യങ്ങളുടെ ആചരണത്തിലും, വിശുദ്ധ കുർബാന സ്ഥാപനത്തിന്റെ അതീവ രഹസ്യങ്ങൾ നിറഞ്ഞ പാവന സ്മരണക്കും, സമ്പൂർണ്ണ സഭ, പ്രാർത്ഥനയിലും ഉപവാസത്തിലും അദ്ധ്യാത്മീക നവീകരണത്തിലും കഴിച്ചുകൂട്ടുന്ന ദിവസങ്ങളായി വലിനോമ്പ് വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ നോമ്പാചരണം ഉയിർപ്പുപെരുന്നാളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ആത്മീയമായി മഹത്വപൂർണ്ണമായ ആചരണമായി പരിഗണിക്കപ്പെടുന്നു. പ്രാർത്ഥനക്കും ജാഗരണത്തിനുമായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന ജീവിതകാലം എന്നു വേണമെങ്കിലും പറയാം. വി. വേദപുസ്തകവുമായി അഭേദ്യമായ ബന്ധം പുലർത്തുന്ന വിഷയമായതിനാൽ ഉദാഹരണ സഹിതം ചിന്തിക്കാം.

**1) യേശു ക്രിസ്തുവിന്റെ 40 ദിവസത്തെ ഉപവാസം:**

വലിയ നോമ്പിന്റെ ഉപവാസത്തെ നാം മനസ്സിലാക്കേണ്ടത് യേശുവിന്റെ നാൽപതു ദിവസത്തെ ഉപവാസത്തിന്റെ പ്രതീകമായിട്ടാണ്. വി. മത്താ. 4:2 ൽ നാം വായിക്കുന്നു:" യേശു നാൽപതു ദിന രാത്രങ്ങൽ ഉപവസിച്ചു". നാം നാൽപതു ദിന രാത്രങ്ങൽ തുടർച്ചയായി ഉപവാസം അനുഷ്ഠിക്കുവാൻ മാനസീകമായോ, ശാരീരികമായോ ആത്മീയമായോ തയ്യാറുള്ളവരാണോ?

**2. നോഹയുടെ കാലത്തെ 40 ദിവസത്തെ ജലപ്രളയം:**

പഴയ നിയമകാലത്ത് നാൽപതു ദിവസം നീണ്ടുനിന്ന ജലപ്രളയത്തെപ്പറ്റി ഉൽ. 7:12 ൽ നാം വായിക്കുന്നു: "നാൽപതു രാവും നാൽപതു പകലും മഴ പെയ്തു കൊണ്ടിരിക്കുന്നു." "വെള്ളപ്പൊക്കം നാൽപതു നാൾ തുടർന്നു" (7:17)

**3) ഇസ്രായേൽ ജനത്തിന്റെ 40 വർഷത്തെ മരുഭൂയാത്ര:**

ആവർത്ത. 29:5 ൽ നാം വായിക്കുന്നു. "ഞാൻ നിങ്ങളെ മരുഭൂമിയിലൂടെ നയിച്ച 40 വർഷവും നിങ്ങളുടെ വസ്ത്രം പഴകിക്കീറുകയോ ചെരിപ്പ് തീരുകയോ ചെയ്തില്ല."

യഹോവയായ ദൈവം തിരുവായ് മൊഴിഞ്ഞ് അരുളിചെയ്ത തിരുവചനങ്ങളാണിത്. ഇവിടെയും 40 എന്ന സംഖ്യക്ക് പ്രാധാന്യം കൊടുത്തിരിക്കുന്നത് നാം കാണുന്നു.

**4) മോശയുടെ 40 ദിവസത്തെ ഉപവാസവും പ്രാർത്ഥനയും**

നാൽപതു ദിവസത്തിന്റെ പ്രതീകാത്മകമായ പ്രാധാന്യം ഇവിടെയും നാം ദർശിക്കുന്നു. ആവർത്തന. 9:9-11 ൽ നാം വായിക്കുന്നു: "കർത്താവ് നിങ്ങളുമായി നടത്തിയ ഉടമ്പടിയുടെ കൽപ്പലകൾ വാങ്ങാനായി മലമുകളിൽ കയറി. തിന്നുകയോ കുടിക്കുകയോ ചെയ്യാതെ, ഞാൻ നാൽപതു പകലും നാൽപതു രാവും അവിടെ ചെലവഴിച്ചു. കർത്താവ് തന്റെ കൈവിരൽ കൊണ്ട് എഴുതിയ രണ്ട് കൽപ്പലകകൾ എനിക്കു തന്നു.... നാൽപ്പതു പകലും നാൽപ്പതു രാവും

കഴിഞ്ഞപ്പോൾ ഉടമ്പടിയുടെ ആ രണ്ടു കൽപ്പനകൾ കർത്താവ് എനിക്കു തന്നു."

5) കർത്താവിന്റെ മലയായ ഹോറേബിലേക്ക് ഏലിയാ പ്രവാചകന്റെ 40 ദിവസത്തെ യാത്ര:

ഉപവാസത്തിന്റെ സ്വർഗ്ഗീയ നൽവരങ്ങളിലേക്കാണ് ഈ തിരുവചനങ്ങൾ നമ്മുടെ ചിന്തയെ നയിക്കുന്നത്. കർത്താവിനാൽ നയിക്കപ്പെടുകയും കർത്താവിനോടു സംസാരിക്കുവാനും, കർത്താവിനോടുകൂടെ വസിക്കുവാനുമുള്ള അനുഭവമാണ് ഏലിയാപ്രവാചകൻ സ്വായത്തമാക്കുന്നത്. ലോകജീവിതത്തിന്റെ ഭാരങ്ങളും ചിന്തകളും ഒരു മുഖ്യ വിഷയമായി പരിഗണിക്കാതെ കർത്താവിനെ പ്രതിയുള്ള തീക്ഷണതയാൽ ജീവിതം ധന്യമാവുകയയാണ് ചെയ്യുന്നത്.

**6. നിനവേക്കാരുടെ 40 ദിവസത്തെ ഉപവാസം:**

അനീതിയിൽ ജീവിച്ച ജനം ദൈവകോപത്തിന്റെ ഉഗ്രമായ പ്രത്യാഘാതത്തിൽ നിന്നും രക്ഷപ്രാപിക്കുന്നതിന് പശ്ചാത്താപത്തിന്റെയും പ്രായ്ശ്ചിത്തത്തിന്റെയും വഴി തെരഞ്ഞെടുത്തപ്പോൾ, ദൈവം തന്റെ അസ്തമിക്കാത്ത കാരുണ്യം ചൊരിയുകയും, മുൻ തീരുമാനത്തിന് മാറ്റം വരുത്തി രക്ഷയാകുന്ന ശിരസ്ത്രം ധരിപ്പിക്കയും പച്ചയായ പുൽപ്പുറങ്ങളിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നതിന്റെ മകുടോദാഹരണമാണ് നിനവേ നിവാസികളുടെ കഥ. വർത്തമാന കാലത്ത് മനുഷ്യസമൂഹം നയിക്കപ്പെടേണ്ട രക്ഷയുടെ മാർഗ്ഗത്തിലേക്കു മാടി വിളിക്കപ്പെടുന്ന പെരുമാറ്റ ശൈലിയിലേക്കാണ് ഈ കഥ വിരൽ ചൂണ്ടുന്നത്.

വി.മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ നാം വായിക്കുന്നു: "നിനവേ നിവാസികൾ വിധി ദിവസം ഈ തലമുറയോടൊത്ത് എഴുന്നേറ്റ് ഇതിനെ കുറ്റം വിധിക്കും, എന്തെന്നാൽ യോനായുടെ പ്രസംഗം കേട്ട് അവർ അനുതപിച്ച്". (മത്താ.12:41)

**പഴയനിയമകാലത്ത് ആചരിക്കപ്പെട്ട നോമ്പും ഉപവാസവും:**

a. എസ്രാ പ്രഖ്യാപിച്ച ഉപവാസം (എസ്രാ. 8:21–23) ബാബിലോൺ പ്രവാസകാലത്ത് തിരിച്ചുവന്ന രണ്ടാം ഗണത്തിൽപ്പെട്ട എസ്രാ ദൈവകൃപ ലഭ്യമാകുന്നതിനായി ഉപവാസം പ്രഖ്യാപിക്കുന്നതായി നാം വായിക്കുന്നു.

**b) എസ്തേർ പ്രഖ്യാപിച്ച ഉപവാസം (എസ്തേർ 4:16)**

പേർഷ്യൻ വാഴ്ച്ചക്കാലത്ത് മതമർദ്ദനമുറകളിൽ നിന്നും വംശനാശത്തിൽ നിന്നും രക്ഷപ്രാപിക്കുന്നതിനായി എസ്തേർ പ്രഖ്യാപിക്കുന്ന ഉപവാസത്തെപ്പറ്റി 4:16 ൽ നാം വായിക്കുന്നു. ഒരു പ്രത്യേക ദൗത്യം പൂർത്തികരിക്കുന്നതിനുള്ള സ്വർഗ്ഗീയ നൽവരം ലഭ്യമാകുന്നതിന് ഒരു സമൂഹം മുഴുവനും അതീവ ഭയ ഭക്തിയോടെ നടത്തുന്ന ഉപവാസ യജ്ഞത്തിന്റെ മഹത്വ പൂർണ്ണമായ പര്യവസാനമാണ് ഇവിടെ നാം ദർശിക്കുന്നത്.

**യേശുവും തനിക്കു മുൻപും ജീവിച്ചിരുന്ന വിശുദ്ധന്മാരും, നോമ്പിനേപ്പറ്റിയും ഉപവാസത്തേക്കുറിച്ചും വിശുദ്ധ ഗ്രന്ഥ പ്രമാണ പ്രകാരമുള്ള അനുഷ്ടാനങ്ങൾ അവരുടെ ജീവിതത്തിലൂടെ പ്രവർത്തിച്ചു കാണിച്ചു. മാനവരാശിക്ക് ഉത്തമ മാതൃകയായി ജീവിച്ച അവർ, തങ്ങൾക്കു ലഭ്യമായ വെളിച്ചം മറ്റുള്ളവരിലേക്ക് പകരുകയായിരുന്നു.**

a) ആഹാബ് രാജാവിന്റെ ഉപവാസം( രാജാ.21:27–29)

ഭാര്യയായ ഇസെബെലിന്റെ ദുഷ്ടമായ പ്രേരണക്കു വഴങ്ങി, കർത്താവിന് അനിഷ്ഠമായത് പ്രവർത്തിക്കുവാൻ സ്വയം വിൽക്കപ്പെട്ട ആഹാബ് രാജാവ്, അനിവാര്യമായിത്തീർന്ന ദുരന്ത കഥയിലെ നായകനായിത്തീരുകയും അവസാനം പശ്ചാത്തപിക്കുകയും ചെയ്യുന്നു. പ്രായശ്ചിത്തമായി ഉപവാസം എന്ന മരുന്നിൽ അഭയം കണ്ടെത്തുന്നു.

**പാപപരിഹാരത്തിന് ഉപവാസം ഒരു മറുമരുന്ന്:**

i) 1 ശമു.7:6 ൽ നാം വായിക്കുന്നു. "അവൻ മിസ്പായിൽ ഒരുമിച്ചുക്കൂടി. വെള്ളം കോരി കർത്താവിന്റെ സന്നിധിയിൽപകർന്നു. ആ ദിവസം മുഴുവൻ അവർ ഉപവസിച്ചു. ഞങ്ങൾ കർത്താവിനെതിരായി പാപം ചെയ്തുപോയി എന്ന് അവർ ഏറ്റു പറഞ്ഞു."

കർത്താവിന്റെ പേടകം ഫെലിസ്ത്യരുടെ കൈവശത്തുനിന്നും തിരിച്ചുവന്നതാണ് സന്ദർഭം. ഇസ്രായേൽക്കാരുടെ കഠിനമായ പാപം നിമിത്തമാണ് പേടകം ഫെലിസ്ത്യരുടെ പിടിയിൽ ആയത്. "ഇസ്രായേൽ ജനം കർത്താവിങ്കലേക്കു തിരിഞ്ഞ് വിലപിച്ചുകൊണ്ടിരുന്നു"..

ii) ജോവേൽ പ്രവാചകന്റെ ആഹ്വാനം:

ബി.സി 5–ാം നൂറ്റാണ്ടിനും 4–ാം നൂറ്റാണ്ടിനും മദ്ധ്യേ, ഇസ്രായേൽ ജനത്തിനുണ്ടായ അതികഠിനമായ വെട്ടുക്കിളി ബാധയുടെയും പശ്ചാത്തലം ജോയേൽ പ്രവാചകന്റെ വീക്ഷണത്തിൽ, ആസന്നമായ ശിക്ഷയുടെ, കർത്താവിന്റെ ദിനത്തിന്റെ പ്രതീകങ്ങളായി കണ്ടുകൊണ്ട്; തന്റെ ജനത്തെ ശിക്ഷയിൽ നിന്നും രക്ഷിക്കുന്നതിനായി ആഹ്വാനം ചെയ്യപ്പെടുന്ന പ്രവാചക ശബ്ദമാണ്, ജോയേൽ 2:12 –13 ൽ നാം വായിക്കുന്നത്.

**iii) ഏശയ്യാ പ്രവാചകന്റെ പ്രബോധനം**

സത്യത്തിലും നീതിയും വ്യാപരിച്ച് ഉപവാസവും പ്രാർത്ഥനയും നടത്തുമ്പോൾ, അളവില്ലാതെ ദൈവ കൃപ വർഷിക്കപ്പെടുന്ന അനുഭവം സുനിശ്ചിതമാണ്, സമസൃഷ്ടികളോടുള്ള സ്നേഹം കൂടാതെ, ഉപവാസം ഫലസമ്പൂർണ്ണമാകയില്ലെന്ന് ഏശയ്യാപ്രവാചകൻ 58–ാം അദ്ധ്യായത്തിലൂടെ നമ്മെ പ്രബോധിപ്പിക്കുന്നു. ഉപവാസ അനുഷ്ടഠാനത്തിന്റെ ന്യായ പ്രമാണമെന്ന് ഈ അദ്ധ്യായത്തെ വിളിക്കുന്നതിൽ തെറ്റില്ല.

**IV) യിരമ്യ പ്രവാചകന്റെ ഉത്ബോധനം**

നീതി പ്രവർത്തിക്കാത്തവന്റെ ഉപവാസം കർത്താവിന് സ്വീകാര്യമല്ലെന്ന് പ്രവാചകൻ ഉറപ്പിച്ച് കൽപ്പിക്കുന്നു (ജെറ.14:10–12).

v) പ്രത്യേക ഉപവാസകാലം: സഖറിയ പ്രവചനത്തിൽ

സത്യത്തിലും, നീതിയിലും, സമാധാനത്തിലും, സന്തോഷത്തിലും ചെല വഴിക്കേണ്ട പ്രത്യേകമായ നാല് ഉപവാസ കാലങ്ങളെക്കുറിച്ച് പ്രവാചകന്റെ പ്രബോധനം: (സഖ. 8:19).

**vi) ദാനിയേൽ പ്രവാചകന്റെ ഉപവാസം:**

ദാനി.10:2–3 ൽ നാം വായിക്കുന്നത്; "ദാനിയേൽ എന്ന ഞാൻ മൂന്നാഴ്ചകാലത്തേക്കു വിലാപം ആചരിക്കുകയായിരുന്നു. ആ മൂന്നാഴ്ചക്കാലം മുഴുവൻ രുചികരമായ ഭക്ഷണം കഴിക്കയോ, മാംസവും വീഞ്ഞും ആസ്വദിക്കുകയോ, സുഗന്ധലേപനം നടത്തുകയോ ചെയ്തിട്ടില്ല."

ഉപവാസാനന്തരം ദാനിയേലിന് ദൈവത്തിന്റെ വെളിപാട് (ദർശനം) ലഭ്യമാകുന്ന അതിമഹത്തായ അനുഭവം ഉണ്ടാകുന്നു, കഠിനമായ ഉപവാസത്തിന്റെ മഹത്വം !

## ഉപവാസം–പുതിയ നിയമത്തിലൂടെ

1) യേശുവിന്റെ 40 ദിവസത്തെ ഉപവാസം (മത്താ.4: 1–11)

വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്ന അതീവ മഹത്തരമായ ഉപവാസമാണ് യേശു ആചരിക്കുന്ന ഉപവാസം. സാത്താന്റെ മേൽ വിജയം വരിച്ച്, പ്രലോഭനങ്ങളുടെ വലയത്തിൽ നിന്നും മുക്തി നേടി, ശക്തിമത്തായ ആത്മീയ ബലം ലഭ്യമായ ഉപവാസമാണിത്.

2) അന്നായുടെ തപസ്യ: വി.ലൂക്കോ 2:37 ൽ നാം വായിക്കുന്നതുപോലെ:"എൺപത്തിനാലു വയസ്സായ അന്നാ ദേവാലയം വിട്ടു പോവാതെ, രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു."

3) സ്നാപകയോഹന്നാന്റെ ദൃഷ്ടാന്തം. വി.ലൂക്കാ 1:80 ൽ നാം വായിക്കുന്നപോലെ: "ശിശു വളർന്നു ആത്മാവിൽ ശക്തിപ്പെട്ടു, ഇസ്രായേലിനു വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു." സ്നാപക യോഹന്നാൻ തന്റെ ജീവിതത്തിന്റെ മുഖ്യഭാഗം ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചു. സ്വർഗ്ഗവുമായുള്ള ബന്ധത്തിന്റെ സുവർണ്ണ കണ്ണിയായിത്തീരുന്ന അനുഷ്ഠാനമാണ് ഉപവാസം.

## ഉപവാസത്തേപ്പറ്റി യേശുവിന്റെ കൽപ്പന:

തന്റെ മല പ്രസംഗ ശുശ്രൂഷയിൽ ഉപവാസം നടത്തേണ്ടതായ ചില മാനദണ്ഡങ്ങൾ അവിടുന്ന് നിർദ്ദേശിക്കുന്നുണ്ട് (വി. മത്താ.6:16–18).

## ആദ്യകാല ക്രൈസ്തവസഭയുടെ ഉപവാസപാരമ്പര്യം:

പരിശുദ്ധാത്മ നിറവിൽ നിന്നും നിർഗ്ഗളിച്ച ഓജസ്സും തേജസ്സുമായിരുന്നു ആദ്യകാല ക്രൈസ്തവ സമൂഹത്തിന്റെ കൈമുതൽ അന്ത്യോക്യായിലെ സഭ ഉപവാസത്തിന്റെയും പ്രാർത്ഥനയുടേയും ശേഷം മാത്രമാണ് ബർണബാസിനെയും ശൌലിനേയും (പൌലോസ് ശ്ലീഹാ) സുവിശേഷ പ്രഘോഷണത്തിനായി അയയ്ക്കുന്നത് അ.പ്ര.13:3 ൽ നാം വായിക്കുന്നു: "ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം അവർ അവരുടെമേൽ കൈവയ്പ്പു നടത്തി പറഞ്ഞയച്ചു." ബർണബാസും പൌലോസ് ശ്ലീഹായും ഇതേ നടപടി ക്രമത്തോടെയാണ്. സഭകൾ തോറും ശ്രേഷ്ഠന്മാരെ തെരഞ്ഞെടുക്കുന്നത്. അ.പ്ര. 14:23 ൽ നാം കാണുന്നതുപോലെ: " അവർ സഭകൾ തോറും ശ്രേഷഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ അവരെ തങ്ങൾ വിശ്വസിച്ച കർത്താവിന് സമർപ്പിച്ചു."

അങ്ങനെ ആദിമ സഭയിൽ ഉപവാസത്തിനും പ്രാർത്ഥനക്കുമുള്ള സ്ഥാനം അദ്വിതീയമായിരിക്കുന്നു. അതി തീഷ്ണമായ പ്രാർത്ഥനയുടെ തികഞ്ഞ ലക്ഷണമായിട്ടാണ്, കർമ്മ പദ്ധതിയായിട്ടാണ് അവർ ഉപവാസ അനുഷ്ഠാനത്തെ പരിഗണിച്ചിരുന്നത്.

## പൗലൂസ് ശ്ലീഹാ കാണിച്ചു തന്ന സഹനം

അപ്പോസ്തോല പ്രവുഖനായിത്തീർന്ന പൌലോസ് ശ്ലീഹാ അനവധി രാത്രികളിൽ ജാഗരിച്ചും, വിശപ്പും, ദാഹവും സഹിച്ചും മറ്റനവധി കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ടുമാണ് തന്റെ മിഷ്യനറിവേല–"നല്ല ഓട്ടം" പൂർത്തിയാക്കിയത് (2 കോറി. 11:27).

ഈ തിരുവചനങ്ങളെല്ലാം ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവർക്ക്, നടിക്കുന്നവർക്ക് ഭയങ്കര വെല്ലുവിളി തന്നെയാണ്. തന്റെ തിരു:ശരീരമാകുന്ന സഭക്കുവേണ്ടി യേശുസഹിച്ച പീഢകളുടെ ഒരു ഭാഗം നമ്മുടെ മർത്യ ശരീരത്തിൽ നാം ഏറ്റുവാങ്ങാൻ ബാദ്ധ്യസ്ഥരാണ് എന്ന വി.പൗലൂസ് ശ്ലീഹായുടെ ആശയമാണ് ഇവിടെ പ്രകടമാകുന്നത് കൊലേ. 1:24 ൽ കൂടി വിശുദ്ധൻ നമ്മെ കടമകൾ ഓർമ്മിപ്പിക്കുകയാണ്.

"സഭയാകുന്ന തന്റെ ശരീരത്തേ പ്രതി, ക്രിസ്തുവിനും സഹിക്കേണ്ടിവന്ന പീഢകളുടെ കുറവ്, എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു". ഈ ചിന്തയുടെ ആഴത്തിലേക്കു നാം കടന്നു ചെല്ലുമ്പോൾ, നമുക്ക് മനസ്സിലാകും ഉപവാസമെന്ന സഹനം; സഹനങ്ങളുടെ പട്ടികയിൽ എത്രയോ ലഘുവായതാണെന്ന്! എന്നാൽ ഉപവാസത്തെ സഹനങ്ങളുടെ അടിസ്ഥാനപടിയായി കരുതാം.

## സമാപന ചിന്ത:

ഇതുവരെ നാം മനസ്സിലാക്കിയ വസ്തുതകൾ, ഒരു സത്യത്തിലേക്കാണ് നമ്മുടെ ചിന്തകളെ നയിക്കുന്നത്. അതായത് യേശുവും തനിക്കു മുൻപും ജീവിച്ചിരുന്ന വിശുദ്ധന്മാരും, നോമ്പിനേപ്പറ്റിയും ഉപവാസത്തേക്കുറിച്ചും വിശുദ്ധ ഗ്രന്ഥ പ്രമാണ പ്രകാരമുള്ള അനുഷ്ടാനങ്ങൾ അവരുടെ ജീവിതത്തിലൂടെ പ്രവർത്തിച്ചു കാണിച്ചു. മാനവരാശിക്ക് ഉത്തമ മാതൃകയായി ജീവിച്ച അവർ, തങ്ങൾക്കു ലഭ്യമായ വെളിച്ചം മറ്റുള്ളവരിലേക്ക് പകരുകയായിരുന്നു. ആലങ്കാരിക ഭാഷയിൽ പറഞ്ഞാൽ ഉപവാസം, വിശ്വാസ ജീവിതത്തിന്റെ–വിശുദ്ധിയുടെ, അതേ എല്ലാ നന്മകളുടേയും 'പ്രീയതമയാണ്, സ്വർഗ്ഗീയാനുഭവത്തിന്റെ അനന്തമായ സാദ്ധ്യതകളിലേക്കാണ് ഉപവാസം എന്ന കർമ്മപദ്ധതി മനുഷ്യനെ നയിക്കുന്നത്.

□

# പാവനസ്മരണയ്ക്ക്, 26–6–2000



കർത്താവേ നിൻ രക്ത ശരീരങ്ങൾ ഭക്ഷിച്ച്
ഭക്തരതായി മരിചോർക്കരുളണമേ നല്ലോർമ്മ.
നിന്റെ മഹത്വം ഉദിക്കുന്ന,
നിൽക്കണമിവർ വലംഭാഗത്ത്

**വർഗ്ഗീസ് മാത്യു, മറിയാമ്മ മാത്യു, എം. തോമസ്സ് (കുഞ്ഞച്ചൻ)**
**(പിതാവ്) (മാതാവ്) (മകൻ)**

മാങ്കൂട്ടത്തിൽ കല്ലിശ്ശേരി
സന്തപ്തകുടുബാംഗങ്ങൾ



**C.T. George Poovathor Puthiyakavu**



**ശോശ്ശാമ്മ ജോൺ, കൊമ്പാടി**



**J.K. Varghese, 99 APO**

**ഒരു വിശ്വാസി കുർത്തമല**

**Jacob Kurian & Family, Kalina.**



# സമാധാന കനാനോ കലഹത്തിന്റെ മിസ്രേയിമോ ?

## ഒരു ലുത്തിനിയ

**ഈ ലുത്തീനിയ ഒരു പ്രതികരണ വേദിയാണ്. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു:**
**– പത്രാധിപർ**

**('ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ' എന്നു പ്രതിവാക്യം..)**

'അടക്കത്തോടും ഭയത്തോടും വണക്കത്തോടും' ഞങ്ങൾ എഴുന്നേറ്റ് നിന്ന് ഏവൻഗേലിയോനിലെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കെൾക്കുമെങ്കിലും അതിലെ ആഴമായ സ്നേഹത്തിന്റെ ആഹ്വാനത്തേക്കാൾ അധികം ഞങ്ങളുടെ പ്രായോഗിക ബുദ്ധിക്ക് ചെവികൊടുക്കുന്നതിനാൽ....

ദൈവമേ ഞങ്ങളോടു ക്ഷമിക്കണമേ......

അങ്ങയുടെ സ്നേഹവും വിശുദ്ധിയും കാണുന്നതിൽ നിന്ന് തടയുന്ന അനൈക്യത്തിന്റെ അന്ധകാരം നൽകി ഞങ്ങളുടെ പുതിയ തലമുറകളെ വഴിതെറ്റിക്കുന്ന ഞങ്ങൾ കഴുത്തിൽ തിരികല്ലുകെട്ടി സമുദ്രത്തിന്റെ ആഴത്തിലേക്ക് മുക്കപ്പെടുവാൻ അർഹരായിരിക്കുന്നതിനാൽ....

ദൈവമേ....

അനുതാപ വാഞ്ചയോ അനുരജ്ഞന ദാഹമോ ഇല്ലാതെ ശുബ്ക്കോനോ ശുശ്രൂഷയും വി: കുർബ്ബാനയും നിഷ്ഠയോടെ നിറവേറ്റുന്ന ഞങ്ങൾ ഫലമില്ലാതെ ബാഹ്യപ്രകടനമായ ഇല മാത്രമായി നിൽക്കുന്ന അത്തിയെപ്പോലെ ശാപമേൽക്കുവാൻ സജ്ജമായി നിൽക്കുന്നതിനാൽ......

വ്യത്യസ്ത പാരമ്പര്യങ്ങളുള്ള വിവിധ പ്രൊട്ടസ്റ്റന്റ് സഭകൾ സമ്പൂർണ്ണമായി സംയോജിച്ച് C.S.I യും C.N.I യും രൂപപ്പെട്ട് ലോക എക്യുമിനിക്കൽ ചരിത്രത്തിൽ നൂതന അദ്ധ്യായം എഴുതിച്ചേർത്ത ഭാരത ക്രൈസ്തവസാക്ഷ്യത്തിന് ഒപ്പം നിൽക്കുവാൻ രണ്ടായിരം വർഷം പഴക്കമുള്ള ഓർത്തഡോക്സ് സഭയ്ക്ക് സാധിക്കാതെ വരുന്നതിൽ.......

ബൈസന്റിയിൻ ഓർത്തഡോക്സ് സഭകളും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിൽ പതിനഞ്ചു നൂറ്റാണ്ടുകളോളം പഴക്കമുള്ള ഭിന്നതകൾ അങ്ങയുടെ ആത്മാവിനോടു സഹകരിച്ച് വിവിധ ചർച്ചകളിലൂടെ ഒട്ടുമുക്കാലും പരിഹരിച്ചെങ്കിലും ഒരു നൂറ്റാണ്ടുമാത്രം പഴക്കമുള്ള പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള വിശ്വാസവും സമർപ്പണവും ഞങ്ങൾക്കില്ലാത്തതിനാൽ......

നിലയ്ക്കൽ പ്രശ്നംപോലും തീർക്കാൻ മുഖ്യപങ്കുവഹിച്ച മതസൗഹാർദ്ദത്തിന്റെയും എക്യുമിനിസത്തിന്റെയും ആചാര്യനായ പ: കാതോലിക്കാബാവായും അഖിലലോക എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ നായകരിലൊരാളായ പ. പാത്രിയർക്കീസ് ബാവായും നേരിൽകണ്ട് ഐക്യത്തിന്റെ മാർഗ്ഗമന്വേഷിക്കുവാൻ സാധിക്കാത്തവിധം ഞങ്ങളുടെ പാപം കഠിനമായിപോയതിൽ.......

രാജഘോഷയാത്രയിൽ രാജാവേ നീ നഗ്നനാണെന്ന് സധൈര്യം വിളിച്ചുപറഞ്ഞ നിഷ്ക്കളങ്കബാലനെപ്പോലെ സമാധാനത്തിനു നിസ്സംഗത പുലർത്തുന്ന ഞങ്ങളെ നോക്കി 'നിങ്ങൾ ക്രിസ്ത്യാനികളല്ലെന്നു' പറയുവാനുള്ള ഞങ്ങളിലെ ബാലനിനിയും ഉണരാത്തതിനാൽ......

എഴുപത്തിയെട്ടാമത്തെ വയസ്സിൽ പോലും ഹിന്ദു മുസ്ലീം സമാധാനത്തിനു വേണ്ടി ഉപവാസ സത്യാഗ്രഹം നടത്തിയ ഗാന്ധിജിയുടെ വിശുദ്ധിയുടെ പകുതിയെങ്കിലും യാഥാർത്ഥ്യമാക്കുവാൻ മലങ്കരയിൽ ഞങ്ങൾക്ക് സാധിക്കാത്തതിനാൽ.........

അങ്ങയോടുള്ള സ്നേഹത്തെ പ്രതി സഭയെ ശുശ്രൂഷിക്കുവാൻ ഞങ്ങൾ യാഗമായിത്തീരുവാൻ മനസ്സാകാതെ സ്വയസ്നേഹത്താൽ ഞങ്ങളുടെ സ്ഥാനമാന പദവികൾക്കായി സഭയെ യാഗമാക്കുന്നതിൽ.....

അങ്ങയുടെ അതുല്യമായ സ്വയം വെറുമയാക്കലും താഴ്മയും മറ്റുള്ളവരെ ബഹുമാനിക്കാനും ശുശ്രൂഷിക്കുവാനുമുള്ള സന്നദ്ധതയും കാൽകഴുകൽ ശുശ്രൂഷകളിലൂടെ പ്രതീകാൽമകമായി പ്രതിഫലിപ്പിക്കുമെങ്കിലും ഞങ്ങൾ പ്രായോഗിക സഭാ ജീവിതത്തിൽ ഈ മൂല്യങ്ങളിലൂടെ സമാധാനം യാഥാർത്ഥ്യമാക്കുവാൻ തീവ്രമായി ശ്രമിക്കാത്ത കപടഭക്തരായതിനാൽ......

വിദ്യാഭ്യാസം ലഭിക്കാതെ അലഞ്ഞു നടക്കുന്ന തെരുവുകുട്ടികൾ, വേശ്യാവൃത്തിയിലേക്ക് വലിച്ചെറിയപ്പെടുന്ന ദരിദ്രബാലികമാർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ ബാധിച്ച്



ഒരു വിശ്വാസി
മസ്ക്കറ്റ്

ജീവിതം തകർന്നവർ, കൊടുംവരൾച്ചയിൽ നരകയാതന അനുഭവിക്കുന്നവർ, ഒരു ദിവസം ഒരു നേരത്തേ ആഹാരംപോലും ആർഭാടമായി സ്വീകരിക്കുന്ന ദരിദ്രർ ഇവരുടെയൊക്കെ എണ്ണം ഓരോവർഷവും ലക്ഷക്കണക്കിനു വർദ്ധിക്കുന്ന ഈ ഭാരതത്തിൽ ലക്ഷക്കണക്കിനു രൂപാ സഭയുടെ കേസിനു ചിലവിടേണ്ടിവന്നതിൽ.....

അനേകമനേകം ഭാഷകളും മതങ്ങളും വർഗ്ഗങ്ങളും ജാതികളുമെല്ലാം ഒന്നിച്ചുകഴിയുന്ന ഈ ഭാരതത്തിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഒരു സമൂഹ നിർമ്മിതിക്ക് ദൈവം ശക്തീകരിക്കുന്നു എന്നു സാക്ഷിക്കുവാനുള്ള അവസരം ഞങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ.....

ഇൻഡ്യയിലുള്ള മറ്റേതൊരു ക്രിസ്തീയ വിഭാഗത്തേക്കാളും അധികം ത്രിത്വസ്തുതിയർപ്പിക്കുന്നതും ഏതൊരു സമൂഹത്തിന്റെയും സമുന്നതമാതൃകയായി ത്രിത്വത്തിലെ കൂട്ടായ്മയെ ഉയർത്തിക്കാട്ടുകയും ചെയ്യുന്ന ഓർത്തഡോക്സ് സമൂഹത്തിന് സഭാതലത്തിൽ അതു പ്രതിഫലിപ്പിക്കുവാൻ സാധിക്കാതെ വരുന്നതിൽ.....

സമാധാനത്തിന് അവിടുന്ന് നൽകിയ അധികം ആകർഷകമല്ലെങ്കിലും സഭയെ ദൈവീകരിക്കുന്ന മൃദുശബ്ദത്തെ നിയമത്തിന്റെയും ബിസിനസിന്റെയും കുരുക്കിൽപ്പെട്ട് കലുഷിതമായ ഞങ്ങളുടെ ബുദ്ധി ബാലിശമെന്നും അപ്രായോഗികമെന്നും മുദ്രകുത്തി അവഗണിക്കുന്നതിൽ...

സമാധാനത്തെ കേവലം സ്നേഹിക്കുന്നവർ മാത്രമല്ല സമാധാനം ഉണ്ടാക്കുവാൻ ഉൽസാഹിക്കുന്നവരാണ് ദൈവമക്കളെന്നു അവിടുന്ന് അരുളിചെയ്തെങ്കിലും സമാധാനത്തോടു നിസ്സംഗത പുലർത്തുകയും ഐക്യത്തിന്റെ ആത്മാവിന്റെ ആഹ്വാനത്തെ അവഗണിക്കുകയും ചെയ്തതിനാൽ....

ജാതിസ്പർദ്ധ ശക്തമായിരുന്ന യഹൂദ പശ്ചാത്തലത്തിൽ നിന്ന് അവിടുന്ന് വിളിച്ചു വേർതിരിച്ച അപ്പോസ്തോലൻമാരിലൂടെ 'പുറജാതികളെ'പ്പോലും സ്വീകരിപ്പാൻ വേർപാടിന്റെ നടുച്ചുവരുകളെ ഇടിച്ച് വാതിലുതുറന്ന അങ്ങയെ വിസ്മരിക്കുവാൻ ദുരഭിമാനം ഞങ്ങളെ വശംവദരാക്കിയെങ്കിൽ...

സർവ്വസൃഷ്ടിയെയും ഏകോപിച്ചുനിർത്തുന്ന അങ്ങയുടെ അഭൗമിക സംയോജന ശക്തിയെ ചെറുത്തുകൊണ്ട് ഞങ്ങൾ അങ്ങയേക്കാളധികം നേതൃത്വസ്ഥാനങ്ങളെയോ സ്ഥലങ്ങളേയോ സ്നേഹിച്ച് പൂജിച്ച് ശിഥിലീകരണ ശുശ്രൂഷയിൽ പങ്കാളികളായെങ്കിൽ....

സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവുമെല്ലാം ആത്യന്തികമായി അങ്ങയുടെ സ്വർഗ്ഗരാജ്യപ്രതീക്ഷകളെ ഭൂമിയിൽ യാഥാർത്ഥ്യമാക്കുവാനുള്ള ഉപാധികളായി കാണുന്ന ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തി സഭയേയും ദൈവരാജ്യത്തെയും ഒന്നാക്കുന്ന ഒരു സഭാശാസ്ത്രം വളർത്തിയെടുക്കുവാൻ അതിയായി ശ്രദ്ധിക്കാത്തതിനാൽ.......

എങ്ങുമെത്താതെ മരുഭൂമിയിലുള്ള ഇപ്പോഴത്തെ അവസ്ഥയിൽ സമാധാനത്തിന്റെ കനാൻ കാണാതെ പ്രതിസന്ധിയിലും പ്രാതികൂല്യങ്ങളിലും മാത്രം കണ്ണുനട്ട് വിഭാഗീയതയുടെയും കേസിന്റെയും മിസ്രയിമിലേക്ക് പോകുവാൻ പിറുപിറുപ്പ് കൂടുന്നതിൽ...

ശൂന്യതയിൽ നിന്ന് പ്രപഞ്ച സൃഷ്ടിനടത്തിയ, മരണത്തെപ്പോലും അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ അങ്ങയുടെ ശക്തിയിൽ ആശ്രയിച്ച് ഒരഞ്ചു വർഷം കൊണ്ടെങ്കിലും മലങ്കരയിലങ്ങോളമിങ്ങോളം ഓരോരുത്തരും കലഹരഹിതവും സ്നേഹനിർഭരവുമായ സമാധാനത്തിന്റെ സന്തോഷം ഉൽഘോഷിക്കുന്നവരാക്കത്തക്ക വിധം വിവിധ നടപടികൾ ആസൂത്രണം ചെയ്യുവാനുള്ള നിഷ്കളങ്കത ഇനിയും ഞങ്ങൾക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ....

**(തയ്യാറാക്കിയത് ഫാ. ബിജേഷ് ഫിലിപ്പ്)**

വാർത്തകൾ

## പ്രശസ്ത വിജയം

മലങ്കര ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തപ്പെടുന്ന സിവിൽ സർവീസ് അക്കാഡമിയിൽ നിന്നും യു.പി.എസ്സ്.സി. ഇന്റർവ്യൂന് വിളിച്ച നാലു വിദ്യാർത്ഥികളും വിജയശ്രീലാളിതരായി. അവരുടെ പേരുകളും, റാങ്കും താഴെ കൊടുത്തിരിക്കുന്നു.

1. S. Suresh Kumar - All India Rank Number - 3
2. G. Aswathy - All India Rank Number - 54
3. I.B. Rani - All India Rank Number - 153
4. Louis Amuthan - All India Rank Number - 388.

ഇതിൽ സുരേഷ് കുമാർ ഐ. എ എസ്സിലേക്കും. അശ്വതി ഐ.പി. എസ് ലേക്കും, റാണിയും ലൂയിസ്സും, സെൻട്രൽ സർവ്വീസിലേക്കും, നിയമനത്തിന് അർഹരായി. ഇദംപ്രഥമമായിട്ടാണ് സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്നും നാലു പേർ ഒരുമിച്ച് പാസ്സാകുന്നത്. ഈ വർഷത്തെ മെയിൻ കോഴ്സ് ആഗസ്റ്റ് ആദ്യ ആഴ്ചയിൽ തുടങ്ങുന്നതാണ്.

## വൈദികപട്ടം സ്വീകരിച്ചു

ഹൈദരബാദ് സെ. ഗ്രീഗോറിയോസ് കത്തിഡ്രൽ ഇടവകാംഗം ചുടുകാട്ടിൽ സി. വി. ഉമ്മന്റെ മകൻ തോമസ് ശെമ്മാശൻ, മദ്രാസ് ഭദ്രാസന അസിസ്റ്റന്റ് അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയസ് എപ്പിസ്ക്കോപ്പായിൽ നിന്നും 2000 മെയ് 15-ാം തീയതി ഹൈദരബാദ് പള്ളിയിൽ വച്ചു കശ്ശീശ്ശാപട്ടം സ്വീകരിച്ചു. ഈ ശുശ്രൂഷയിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. വന്ദ്യ തോമസ് മാർ തിമോത്തിയോസ് തിരുമേനിയും സംബന്ധിച്ചു.



ഒരു വിശ്വാസി നവി മുംബൈ



John Thomas Thattayil



Mariyamma



Jinu



# കരേക്കിൻ രണ്ടാമൻ പുതിയ അർമേനിയൻ കാതോലിക്കാ



അർമേനിയൻ അപ്പോസ്തോലിക സഭയുടെ പുതിയ സുപ്രീം കാതോലിക്കോസായി പരിശുദ്ധ കരേക്കിൻ രണ്ടാമൻ നർസിസിയാൻ കഴിഞ്ഞവർഷം ഒക്ടോബർ അവസാനം തെരഞ്ഞെടുക്കപ്പെട്ടു. കാലം ചെയ്ത പരിശുദ്ധ കരേക്കിൻ ഒന്നാമൻ സർക്കീസിയാന്റെ (1995-99) പിൻഗാമിയായാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്.

1957-ൽ ജനിച്ച ഇദ്ദേഹം 1972-ൽ വൈദികനും 1983-ൽ ബിഷപ്പുമായി. യരവാനിലെ ബിഷപ്പും അറാറത്ത് ഭദ്രാസനത്തിന്റെ പാത്രിയർക്കൽ വികാരിയുമായിരിക്കേയാണ് ഇദ്ദേഹം അർമേനിയൻ സഭയുടെ 142-ാമത്തെ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തത്.

ഇദ്ദേഹത്തിനു കീഴിൽ ജറുസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും ഓരോ പാത്രിയർക്കീസും സമാന്തരമായി കിലിക്യയിൽ ഒരു കാതോലിക്കായുമുണ്ട്.

അർമേനിയായിലെ ഭാരതസ്ഥാനപതി ബൽ ആനന്ദ് ജനുവരി 4-ന് പുതിയ കാതോലിക്കായെ സന്ദർശിച്ച് ആശംസകൾ അർപ്പിച്ചു.

പുതിയ അർമ്മേനിയൻ കാതോലിക്കാ കരേക്കിൻ രണ്ടാമൻ നർസിസിയാൻ ജനുവരി 14 മുതൽ 24 വരെ വിശുദ്ധ നാട്ടിലേക്കു ഒരു തീർത്ഥയാത്ര നടത്തി.

ജറുസലേമിലെ അർമ്മേനിയൻ പാത്രിയർക്കീസ് ടോർക്കോം രണ്ടാമൻ മന്തഗിയാന്റെ ക്ഷണമനുസരിച്ച് "ബേത്‌ലഹേം 2000"-ൽ പങ്കെടുക്കാനാണ് അദ്ദേഹം വിശുദ്ധ നാട്ടിലെത്തിയത്.

അർമ്മേനിയൻ സഭയുടെ ക്രിസ്മസ് ദിനമായ ജനുവരി 19-ന് ബത്‌ലഹേമിലെ തിരുപ്പിറവി പള്ളിയിൽ അദ്ദേഹം അർപ്പിച്ച വിശുദ്ധ കുർബ്ബാനയിൽ അർമേനിയൻ പ്രസിഡന്റ് റോബർട്ട് കൊച്ചറിയാനും പാലസ്തീനിയൻ നാഷണൽ അതോറിട്ടി തലവൻ യാസർ അറാഫത്തും സംബന്ധിച്ചു.

ഈ യാത്രയിൽ അദ്ദേഹം അമ്മാനിലെത്തി ജോർദ്ദാനിലെ അബ്ദുള്ളാ രാജാവിനെ സന്ദർശിച്ചു. രാജാവ് അദ്ദഹത്തെ ജോർദ്ദാന്റെ അത്യുന്നത ബഹുമതി നൽകി ആദരിച്ചു. തുടർന്ന് ജറുസലേമും ജറിക്കോയും സന്ദർശിച്ചു.

ജറുസലേമിലെത്തിയ കാതോലിക്കായെ ജറുസലേമിലെയും കോൺസ്റ്റന്റീനോപ്പിളിലെയും അർമ്മേനിയൻ പാത്രിയർക്കീസുമാരായ ടോർക്കോം മന്തൂഗിയാനും മെസ്രോബ് മുതഫിയാനു കിലിക്യായിലെ അർമ്മേനിയൻ കാതോലിക്കാ ആരാം കെഷീഷിയാന്റെ പ്രതിനിധികളുസഹോദരീ സഭകളുടെ പ്രതിനിധികളും രാഷ്ട്രപ്രതിനിധികളും ചേർന്നു സ്വീകരിച്ചു.

ജറുസലേമിലെ മുസ്ലീം നേതാവ് ഷേക്ക് അബ്ദുൾ അസിംസൽ ഹാബ്, ജറുസലേമിലെ ഗ്രീക്ക് പാത്രിയർക്കീസ് ദിയാദോറോസ് ഒന്നാമൻ, ലത്തീൻ പാത്രിയർക്കീസ് മൈക്കിൾ സാബാ എന്നിവരുമായും കോപ്റ്റിക്, എത്യോപ്യൻ, സിറിയൻ ഓർത്തഡോക്സ് സഭകളുടെയും ഗ്രീക്ക്, മാറോനൈറ്റ് കത്തോലിക്കാ റീത്തുകളുടെയും ആംഗ്ലിക്കൻ-ലൂതറൻ സഭകളുടെയും പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇസ്രായേൽ രാഷ്ട്രപ്രതിനിധികളും വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളും അദ്ദേഹത്തെ സന്ദർശിച്ചു.

റഷ്യൻ ഓർത്തഡോക്സ് സഭയുടെ ക്ഷണമനുസരിച്ച് ഫെബ്രുവരി 4 മുതൽ മാർച്ച് 3 വരെ കരേക്കിൻ രണ്ടാമൻ മോസ്ക്കോ സന്ദർശിച്ചു. റഷ്യൻ പ്രസിഡണ്ട് വ്ളാസിമർ പുടിനുമായും റഷ്യൻ പാത്രിയർക്കീസ് അലക്സി രണ്ടാമനുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇത് ഇദ്ദേഹത്തിന്റെ ആദ്യത്തെ ഔദ്യോഗിക സന്ദർശനമായിരുന്നു. അടുത്തു തന്നെ അദ്ദേഹം ജോർജിയായും സന്ദർശിക്കുന്നതാണ്. ○


**FIFTH TEENAGERS CAMP FOR ORTHODOX LEADERSHIP TRAINING**

**DATES : 23-29, JULY, 2000**

- A FUN STUDY-CUM-TOUR CAMP THAT WILL TEACH TEENAGERS ABOUT THE CHURCH AND LEADERSHIP

- A SPIRITUAL EXPERIENCE THAT WILL CHANGE YOUR CHILD LIFE FOR EVER

**Organiser:**
Fr. Philip Kuruvilla
e-mail:
frpKuruvilla@hotmail.com

**Details:**
Fr. Dr. John Panicker,
Orthodox Seminary, P. O. Box 98,
Kottayam-686001.




**3-ാം ചരമവാർഷികം**

**6-6-2000**

**യോഹന്നാൻ സാമുവേൽ**

നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൻ നിൻ വലഭാഗത്തിൽ

**Yohannan (Hybd)**
**Namplathu, Evoor South**
**Cheppad**

# സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ (STOC)
## (മരുഭൂമിയിലെ നീരുറവ)

**STOC OFFICE,**
BASIL JUBILEE CENTRE, BETHANY ARAMANA
THIRUVALLA, KERALA, PIN-689 101

### 1999-ലെ വാർഷിക റിപ്പോർട്ട്

1975 സെപ്റ്റംബർ 12-ാം തീയതി അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ മരുഭൂമിയിലെ നീരുറവ എന്നറിയപ്പെടുന്ന സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ എന്ന ആത്മീയ സംഘടനയുടെ 1999-ലെ വാർഷിക റിപ്പോർട്ടിന്റേയും വരവു ചെലവു കണക്കിന്റേയും ഒരു സംക്ഷിപ്ത രൂപം

കഴിഞ്ഞ 24 വർഷക്കാലം കോൺഗ്രിഗേഷനേയും അതിന്റെ എല്ലാ പ്രവർത്തനങ്ങളേയും കരുണയോടെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്ന ത്രിയേകദൈവത്തിനു സ്തുതി കരേറ്റിക്കൊണ്ടും, പരിശുദ്ധ കന്യകമറിയാമിന്റേയും, കോൺഗ്രിഗേഷന്റെ കാവൽപിതാവും ഇൻഡ്യയുടെ അപ്പോസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസിന്റെയും, ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും, മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടും ഈ റിപ്പോർട്ടും കണക്കും സമർപ്പിച്ചുകൊള്ളുന്നു.

ആരാധന, ജീവകാരുണ്യപ്രവർത്തനം എന്നിവയെ മുൻനിർത്തി പ്രവർത്തിക്കുന്ന ഈ സംഘടനയിൽ 140 അംഗങ്ങളുണ്ട്. നടപ്പുവർഷം 15 പേരടങ്ങുന്ന ഒരു കമ്മറ്റി എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

September 17-ന് കൂടിയ 24-ാം വാർഷികത്തോടനുബന്ധിച്ച് Silver Jubilee Year ഉത്ഘാടനം വിപുലമായി നടത്തി. 24 വർഷം അംഗങ്ങളായിരുന്നവരെ ആദരിക്കുകയും 1999- 2000 Silver Jubilee വർഷമായി കൊണ്ടാടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു.

**ആത്മീയ പ്രവർത്തനങ്ങൾ:** സഭയുടെ വിശ്വാസാനുഷ്ടാനങ്ങൾ അടിസ്ഥാനമാക്കി എല്ലാ ആഴ്ചകളിലുമുള്ള പ്രാർത്ഥന, പ്രത്യേകആരാധനകൾ, ധ്യാനയോഗങ്ങൾ, Chain Prayer എന്നിവകൾ ദൈവകൃപയാൽ നടന്നുവരുന്നു. 132 കുട്ടികൾ പഠിക്കുന്ന സൺഡേസ്ക്കൂളും, 38 അംഗങ്ങളുള്ള M.G.O.C.S.M. Unit-ഉം, രോഗത്തിലും പ്രയാസത്തിലും ഇരിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും, അത്യാവശ്യസഹായങ്ങൾ ആവശ്യമുള്ളവർക്ക് എത്തിച്ചു കൊടുക്കുന്നതിനുംവേണ്ടി അർപ്പണമനോഭാവമുള്ള ഒരു പ്രത്യേക വിഭാഗവും (League-of-Pity) പ്രവർത്തിച്ചു വരുന്നു.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ:** മുൻവർഷങ്ങളിലെപ്പോലെ നടപ്പുവർഷവും മലങ്കര മാസികയിൽ March/July ലക്കങ്ങളിൽ നല്കിയ പരസ്യങ്ങൾ വഴി കിട്ടിയ അപേക്ഷകളിൽ പരിഗണനാർഹമായവയ്ക്ക് വിവിധ ഇനങ്ങളിലായി ധനസഹായം എത്തിച്ചു കൊടുക്കുവാൻ സാധിച്ചു.

നടപ്പുവർഷം 355 വ്യക്തികൾക്ക് നേരിട്ടും, സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 5 ആശുപത്രികൾ വഴിയായി മറ്റനേകരക്കും ചികിത്സാസഹായം നൽകിയിട്ടുണ്ട്.

വിവാഹധനസഹായമായി 28 പേർക്ക് നേരിട്ടും അഭിവന്ദ്യരായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ MAF വഴിയായും സഹായം നൽകുകയുണ്ടായി.

ഭവന നിർമ്മാണത്തിനായി നടപ്പു വർഷം കണ്ടനാട്, ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങളിലെ ഓരോ അപേക്ഷകർക്ക് ധനസഹായം നൽകുകയുണ്ടായി. ജീവസന്ധാരണ സഹായമായി 15 പേർക്കും, വിദ്യാഭ്യാസ സഹായമായി 78 പേർക്കും ധനസഹായം നല്കുകയുണ്ടായി. സഭയിലെ മുന്ന് അനാഥമന്ദിരങ്ങൾക്കും, സഭയുടെ വിവിധ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങളിലേക്കുമായി സംഭാവനകൾ നല്കുകകയുണ്ടായി.

**SPECIAL COLLECTION:** കാർഗിൽയുദ്ധത്തിൽ വീരചരമം പ്രാപിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്ന പ്രധാനമന്ത്രിയുടെ Fundലേക്ക് സംഭാവന നല്കുകയുണ്ടായി.

**SILVER JUBILEE PROJECT:** അട്ടപ്പാടി സെന്റ് തോമസ് വാലിയിൽ The Society of Missioneries of ST. Thomas- ഉം ആയി സഹകരിച്ച് പണിത St. Thomas Orthodox Mission Hospital- ന്റെ ഉത്ഘാടനവും കൂദാശയും 2000 ജനുവരി 5-ന് പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടേയും, ശ്രേഷ്ഠ നിയുക്തകതോലിക്കായുടേയും, ഡോ.



ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടേയും മറ്റ് അഭ്യുദയകാംക്ഷികളുടേയും സാന്നിദ്ധ്യത്തിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നു.

**1999-ലെ വരവും ചെലവു കണക്ക്**

| Receipts | Rupees | Payments | Rupees |
|---|---|---|---|
| **To Opening Balance** | 4,76,730.00 | **By Charity Donations:** | |
| **To budgected Items:** | | Sick Aid Direct ot Individuals | 6,32,500.00 |
| Membership | 5,326.00 | Sick Aid Thru Hospitals | 65,985.00 |
| Subscription | 96,048.00 | Mariage Assistance | 3,15,000.00 |
| Donation | 8,02,967.00 | Housing Assistance | 77,500.00 |
| Birthday | 85,462.00 | Education Assistance | 71,240.00 |
| Christmas | 1,17,433.00 | Donation to Individuals | 75,600.00 |
| Offertory | 292,697.00 | **By Assistance to Orphanages:** | |
| Catholicate Day | 65,793.00 | Basalel Convent, Sooranand | 10,000.00 |
| Seminary Day | 46,705.00 | St. Grigorios Balagram, Yacharam | 10,000.00 |
| Passion Week | 38,845.00 | MGDM Ashram & Balbhavan, Karukachal | 10,000.00 |
| STOC S/Jubilee Proj | 3,38,330.00 | **By Donations to Church Org.:** | |
| **To Non Budgeted Items:** | | Diocesan Contribution | 30,000.00 |
| Kargil Fund | 80,101.00 | Catholicate Day Collection | 70,000.00 |
| Mis. Income | 51,823.00 | Seminary Day Collection | 41,564.00 |
| | | Orthodox Sunday School (OSSAE) | 7,500.00 |
| | | Orthodox Youth Movement | 7,500.00 |
| | | Orthodox Church Mission Board | 7,500.00 |
| | | Sleeba Dassa Samooham | 7,500.00 |
| | | MGOCSM - Central Office | 5,500.00 |
| | | St. Pauls Mission Trng Cntr; Mavelikara | 12,000.00 |
| | | St. Thomas Mission Tng. Cntr; Bhilai | 15,000.00 |
| | | Silver Jubille Project, Attappady Hospital | 3,50,000.00 |
| | | Orissa Project (cassette Sales) | 8,032.00 |
| | | **By STOC Sunday School** | 44,452.00 |
| | | **By Establishment Expenses** | 94,217.00 |
| | | **By Prime Minister's Kargil Fund** | 80,101.00 |
| | | **By Closing Balance** (Including 99 promises and commitments) | 4,49,569.00 |
| **Total** | **24,98,260.00** | | **24,98,260.00** |

ഈ കോൺഗ്രിഗേഷന്റെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരിക്കുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായോടും, അഭിവന്ദ്യരായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായോടും, ഭദ്രാസന സഹായ മെത്രാപ്പോലീത്തായായ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോടും ഉള്ള ആദരവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ടും, ഈ കോൺഗ്രിഗേഷന്റെ ആത്മീയവും ജീവകാരുണ്യപരവുമായ എല്ലാ പ്രവർത്തനങ്ങളുടേയും വിജകരമായ നടത്തിപ്പിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായ ഏവരേയും നന്ദിയോടെ സ്മരിച്ചു കൊണ്ടും പ്രാർത്ഥനയോടുകൂടി ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

മാനേജിംഗ് കമ്മറ്റിക്കുവേണ്ടി
സെക്രട്ടറി

അറിയിപ്പ്: 2000 - ത്തിലെ പ്രവർത്തനങ്ങൾക്കായി 20,77,910.00 വരവും അത്രയും തന്നെ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. ധനസഹായത്തിന്റെ കൂടുതൽ വിവരങ്ങൾ തിരുവല്ലാ STOC ഓഫീസ്സിൽ നിന്നോ മലങ്കരസഭയുടെ മാർച്ച് / ജൂലൈ ലക്കങ്ങളിൽ നിന്നോ ലഭ്യമാണ്.

# സൺഡേസ്ക്കൂൾ വാർത്തകൾ

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻസൺഡേസ്ക്കൂൾ അസ്സോസിയേഷൻ 2000 മാണ്ടത്തെ പരീക്ഷകളും മത്സരങ്ങളും ചുവടെ ചേർത്തിരിക്കുന്ന പരിപാടികൾ അനുസരിച്ച് നടത്തുന്നതാണ്.

### അർദ്ധവാർഷിക പരീക്ഷ

2000 ജൂലൈ 16-ാം തീയതി ഞായറാഴ്ച നടത്തണം.

### സഹപാഠ്യമത്സരങ്ങൾ

| | | |
|---|---|---|
| സ്ക്കൂൾതലം | 2000 | ആഗസ്റ്റ് 27 ഞായർ |
| ഡിസ്ട്രിക്റ്റ് തലം | " | സെപ്റ്റംബർ 24 ഞായർ |
| ഭദ്രാസന തലം | " | ഒക്ടോബർ 14 ശനി |
| സോണൽ തലം | " | നവംബർ 11 ശനി |

### മത്സര ഇനങ്ങൾ

| സബ്ജൂനിയർ | ജൂണിയർ | സീനിയർ |
|---|---|---|
| പ്രസംഗം | പ്രസംഗം | പ്രസംഗം |
| സംഗീതം | സംഗീതം | സംഗീതം |
| | സമൂഹഗാനം | സമൂഹഗാനം |
| | വേദവാക്യം | വേദവാക്യം |
| | | പൊതുവിജ്ഞാനം |

ഹയർസെക്കന്ററി (11, 12 ക്ലാസ്സുകൾക്ക്) പൊതുവിജ്ഞാനം, ഉപന്യാസം

### പ്രസംഗവിഷയങ്ങൾ

| സബ് ജൂണിയർ | ജൂണിയർ | സീനിയർ |
|---|---|---|
| ക്ഷമ | 1. നോമ്പ് | പുതിയനൂറ്റാണ്ടിൽ ക്രിസ്തീയ ദൗത്യം |
| കരുണ | 2. ത്യാഗശീലം | വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന |
| | 3. കൃത്യനിഷ്ഠ | നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. വി. മത്താ. 5:14 |

### സോണൽ മത്സരം

2000 നവംബർ 11 ശനി രാവിലെ 10.30 മുതൽ

മലബാർസോൺ – സെ.ജോർജ് കത്തിഡ്രൽ കോഴിക്കോട്.

നോർത്തുസോൺ – സെഹിയോൻ സിമ്മനാരി കൊരട്ടി

സെൻട്രൽ സോൺ – എം. ഡി. സെമ്മിനാരി ഹയർസെക്കണ്ടരിസ്ക്കൂൾ കോട്ടയം

സൗത്ത് സോൺ – മാർ എപ്പിഫാനിയോസ് സെന്റർ അടൂർ

### സൺഡേസ്ക്കൂൾ പ്രതിഭ

സോൺ മത്സരത്തിലെ സീനിയർ പ്രസംഗമത്സരത്തിന് ഒന്നും രണ്ടും റാങ്കുനേടുന്നവർക്ക് 2001 ജനുവരി 13-ാം തീയതി ശനിയാഴ്ച കേന്ദ്ര ഓഫീസിൽ വച്ച് മത്സരം നടത്തുന്നതാണ്.

### സൺഡേസ്ക്കൂൾ വിജ്ഞാനി

സോണൽ മത്സരത്തിലെ സീനിയർ പൊതുവിജ്ഞാനത്തിന് ഒന്നും രണ്ടും റാങ്കു നേടുന്നവർ 2001 ജനുവരി 13-ാം തീയതി ശനിയാഴ്ച കേന്ദ്ര ഓഫീസിൽ വച്ച് മത്സരം നടത്തുന്നതാണ്.

സൺഡേസ്ക്കൂൾ പ്രവീൺ

11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി സോണൽ തലത്തിൽ നടന്ന പൊതുവിജ്ഞാനത്തിന് ഒന്നും രണ്ടു റാങ്ക് നേടിയവർക്ക് 2001 ജനുവരി 13-ാം തീയതി ശനിയാഴ്ച കേന്ദ്ര ഓഫീസിൽ വച്ച് മത്സരം നടത്തുന്നതാണ്.

### വാർഷിക പരീക്ഷ

2000 നവംബർ 19 ഞായർ: 2 മുതൽ 4 വരെ; 5 മുതൽ 9 വരെ ക്ലാസ്സുകൾക്ക്

2000 നവംബർ 26 ഞായർ: 2 മുതൽ 4 വരെ ക്ലാസ്സുകൾക്കും 11-10 ക്ലാസ്സിനും.

### മത്സര പരീക്ഷ

2000 ഡിസംബർ 30-ാം തീയതി ശനിയാഴ് 10 മണിമുതൽ മത്സര പരീക്ഷക്ക് ചേരുന്ന കുട്ടികളുടെ (10, 12 ക്ലാസ്സുകൾക്ക്) പേരു രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫോറം സെപ്റ്റംബർ 30 നു മുൻപ് കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ജോഷ്വാ അച്ചൻ** (ഡയറക്ടർ ജനറൽ)


**Second Death Anniversary**
**7-1-2000**



**Mrs. Mary Varghese**
**Sector-8, R. K. Puram, New Delhi - 22**
*By Sorrowing Family*




## ഗിവ്സൈറ്റ് പ്രോജക്ട് – കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Meidical Mission, Karambadi P.O, Pin-673591, Wayanad, Kerala, India.**

തിമിരം മൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സെറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500(അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ച നല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിയും വൈസ് പ്രസിഡണ്ട് കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയുമാണ്. M. S. (ophthal) ബിരുദമുള്ള 4 വിദഗ്ദ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റിലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.


ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യ ചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടാ. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ച നല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യ പ്രവർത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A അനുവാദവും ലഭിച്ചിട്ടുണ്ട്. നിങ്ങളുടെ സംഭാവന **ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി. ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ഡി.ഡി/എം. ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

**ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)**





**C. T. OOMMEN, KUNJAMMA OOOMMEN**
**& ELEZABETH OOMMEN**
**DOMBIVALI, THANE**


Licence No. 475, 11th April 1946. Registered No. KL/CR/KTM/236/2000


# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM - 686 038









**PAPPACHAN K. VARGHESE AND FAMILY**
**Princy Nivas, Lote Post, Khed Tal, Ratnagiri. Dist**
**Maharashtra - 415722**

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy,
Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-